// THE KUDUMBA DEEPAM.

# THE KUDUMBA DEEPAM.



Vol. VI.) September 1935. (No. 9.

## വിഷയവിവരം.


1. ശ്രീയേശുഗീതം........................ 257.
2. രണ്ടു സ്മരണീയ ദിനങ്ങൾ........................ ,,
3. മതപരിവത്തനം........................ 261.
4. മ്ശിഹായുടെ കഷ്ടാനുഭവ തിരുശേഷിപ്പുകൾ........................ 274.
5. പരിപൂർണ്ണത........................ 277.
6. പ്രേതാലയം........................ 279.
7. പുസ്തകാഭിപ്രായം........................ 282.
8. അങ്കോലം........................ 283.
9. ഉപകാരോപഹാരം........................ 284.
10. പൊതുനിയോഗം........................ 286.
11. കുറിപ്പുകൾ........................ 287.


"ക്ഷമയാം തോണി കേറീട്ടു വിചാരത്തുഴ കുത്തി നീ
കുടുംബഭരണാംഭോധി സാവധാനം കടക്കുക.

## ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാപ്പാനിസ് ദന്തവൈദ്യൻ.

### എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

## നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു്. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പർശംകൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക ൨-൧൨-൦.

### കാസശ്വാസനിവാരണി.

നിങ്ങൾ പലെ ഔഷധങ്ങൾ ഉപയോഗിച്ചിട്ടും എങ്ങിനെ ഭേദമാകാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൪-൮-൦

### പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണസുഖമാകുന്നതാണു.

ഒരു കുപ്പിക്കു വില ക. ൪-൧൨-൦

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സ്താപം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു്. 'എമ്മിന': എല്ലാം തലക്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള നല്ല ഔഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,
നമ്പ്ര് ൧൧, കോഴിക്കോട. മലബാർ

---

## വിൽപ്പനക്കുള്ള ഇററാലിയൻ പടങ്ങൾ.

| | | | |
|---|---|---|---|
| $2\frac{1}{8}'' \times 3\frac{3}{4}''$ | എണ്ണച്ചായാപടം (വെട്ടുപടം) | 100-ന് | 1—0—0 |
| $2\frac{1}{2}'' \times 4\frac{1}{4}''$ | ടി. ടി. | ,, | 1—8—0 |
| ടി. | ടി. (മൂല ഉരുണ്ടതു്) | ,, | 1—10—0 |
| $2\frac{1}{2}'' \times 4''$ | Black with gilt edge | ,, | 7—0—0 |
| ടി. | Hand coloured with gilt edge | ,, | 8—0—0 |

ചെറുപുഷ്പമുദ്രാലയം, തേവര, എറണാകുളം.



*Little Flower, we thee pray,*
*Obtain for us our needs,*
*For thou art spending Heaven,*
*Doing kind and humble deeds.*

*Teach us to do as thou didst.*
*To follow thy "Little Way."*
*To glory in the little deeds,*
*We do from day to day.*

# കുടുംബദീപം.

പുസ്തകം ൩. } സെപ്റ്റംബർ ൧൯൩൬. { ലക്കം ൯.


## ശ്രീയേശുഗീതം.


ശ്രീമാൻ ജെ. എ. വേലിയത്ത് ബി. എ.


(പാപിയെ നീ എ. മ.)

പല്ലവി.

സ്നേഹപാലനേശുനായകാ, നായകാ, നായകാ.

അനുപല്ലവി.

കഷ്ടം പൂമേനി ക്രൂശിൽ—രക്തമശേഷം ചിന്തി
നിത്യസ്നേഹപ്രദർശനം—സുകരം—സുകരം.

ചരണം.

1. ഘോരതമസ്സിയലും ലോക മഹാർണ്ണവത്തിൽ
ദീപ്തിയേകും സുദീപമേ—ദീപമേ—ദീപമേ.

2. സത്തമക്കാദരവെ! മുക്തിപ്രദായകനെ!
താപസംഹാരക ഗുരുവേ, ഗുരുവേ, ഗുരുവേ.

3. സൽഗുണസാഗരമെ! സൽപഥനായകനെ
സൽഗതിതന്നരുൾ പരനേ, നൃപനേ, ഗുരുവേ.. (സ്നേഹ.)

## രണ്ടു സ്മരണീയ ദിനങ്ങൾ.

ഈ മാസത്തിൽ ഈശോയുടെ ചെറുപുഷ്പത്തിൻെറ പ്രതാപത്തെയും മഹിമയേയും പ്രദ്യോതിപ്പിക്കുന്ന രണ്ടു സംഭവങ്ങൾ ലീസ്യൂവിലെ കർമ്മലീത്താമഠത്തിൽ അനുസ്മരിക്കപ്പെട്ടുന്നതാണ്. കൊച്ചുത്രേസ്യ വ്രതവാഗ്ദാനം ചെയ്തു സെപ്തമ്പർ ൮-ാംതീയതിയും നിത്യസമ്മാനം പ്രാപിക്കുന്നതിനായി തൻെറ ഐഹികവാ

സം വെടിഞ്ഞതു് സെപ്റ്റമ്പർ ൩൦-ാംതീയതിയുമാണല്ലോ. ലി സ്യൂവിലെ ഈ വിശുദ്ധയുടെ സന്ന്യാസജീവിതത്തോടുണ്ടായിരുന്ന മതിപ്പ് എത്രമാത്രമായിരുന്നുവെന്നു അവളുടെ സ്വയംകൃതചരി ത്രത്തിൽനിന്നു താഴെ ഉദ്ധരിക്കുന്ന ഭാഗങ്ങൾ പ്രസ്പഷ്ടമാക്കുന്ന താണ്.

"സെപ്റ്റമ്പർ ൮-ാം തീയതിയായ പിറേറന്നു കാലത്തു് എ ന്റെ ഹൃദയം പരമാനന്ദത്തിൽ മുഴുകി. ബുദ്ധിക്ക അഗ്രാഹ്യമാ യ സമാധാനത്തോടുകൂടെ ഞാൻ എന്റെ പരിശുദ്ധ വാഗ്ദത്ത ങ്ങൾ ഉച്ചരിക്കുകയുംചെയ്തു. മറിയത്തിന്റെ ജനനത്തിരുനാൾ ഈശോയുടെ മണവാട്ടിയാകുവാൻതക്ക ഒരു രമണീയ ദിനമല്ല യോ ? ഈ ദിവസമായിരുന്നു നവജാതയായ കൊച്ചു മറിയം അവളുടെ കൊച്ചു പുഷ്പത്തെ കൊച്ചു ഈശോയ്ക്കു കാഴ്ചയായി സമർപ്പിച്ചതു്.

"ഞാൻ ശിരോവസ്ത്രം ധരിച്ചിട്ടു എട്ടാം നാൾ ഞങ്ങളുടെ മാതുലപുത്രി ജീൻ, ഡോക്ടർ ലാനിൽ എന്ന ദേഹത്തെ വിവാ ഹംചെയ്തു. അവൾ അടുത്ത തവണ എന്നെ കാണാൻ വന്ന പ്പോൾ അവളുടെ ഭർത്താവിനു ചെയ്ത അതിവാത്സല്യ ശുശ്രൂഷ കളെപ്പററി പറയുകയുണ്ടായി. ഉടനെ ഞാൻ വിചാരിച്ചുറച്ച തെന്തെന്നാൽ: എന്റെ പ്രാണപ്രിയനായ ഈശോയ്ക്കുവേണ്ടി ഞാൻ ചെയ്യുന്നതിലധികം ലോകത്തിലുള്ള ഏതൊരു സ്ത്രീയും തന്റെ ഭർത്താവിനുവേണ്ടി ചെയ്യുന്നുവെന്നു പറയാൻ ഒരിക്കലും ഇടവരുത്തരുതു്. ആ പുതിയ സ്നേഹാഗ്നിയിൽ ജ്വലിച്ചു, ഒരു ദൈവിക വേഴ്ചയാൽ എന്നെ ബഹുമാനിക്കാൻ തിരുമനസ്സായ രാജാധിരാജാവായ എന്റെ ദിവ്യമണവാളനെ മുമ്പിലത്തേക്കാ ളധികം ശുഷ്കാന്തിയോടെ പ്രസാദിപ്പിക്കുവാൻ ഞാൻ തീർച്ച യാക്കി.

"ഞങ്ങളുടെ മാതുലപുത്രിയുടെ കല്യാണത്തിന്റെ ക്ഷണ ക്കത്തു കണ്ടപ്പോൾ ഞാൻ നേരംപോക്കിനായി ഒരു ക്ഷണപ ത്രം രചിച്ചു. ലൗകിക വിവാഹങ്ങളുടെ മഹിമ നമ്മുടെ ദിവ്യര ക്ഷകന്റെ മണവാട്ടിയെന്ന ഉന്നത സ്ഥാനത്തോടു താരതമ്യ

ളപ്പെടുത്തുമ്പോൾ തീരെ നിസ്സാരമാണെന്നു എനിക്കു നല്ലപോലെ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നുള്ള സംഗതിയെ നവസന്യാസിനികളെ ഗ്രഹിപ്പിക്കുന്നതിനായി ആ ക്ഷണപത്രം അവരെ വായിച്ചു കേൾപ്പിക്കുകയുംചെയ്തു"

ഫ്രഞ്ചുകാർ തങ്ങളുടെ കുട്ടികളുടെ വിവാഹക്ഷണപത്രം എഴുതുന്ന രീതിയനുസരിച്ചാണു് ഇതും രചിക്കപ്പെട്ടിരുന്നതു്.

"സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവും പ്രപഞ്ചത്തിന്റെ രാജാധിരാജനുമായ സർവ്വശക്തൻ ദൈവവും, സ്വർഗ്ഗരാജ്ഞിയായ എത്രയും മഹത്വമുള്ള കന്യകാമറിയവുംകൂടി എഴുതുന്ന കുറി. രാജാക്കന്മാരുടെ രാജാവും പ്രഭുക്കന്മാരുടെ പ്രഭുവുമായ ഞങ്ങളുടെ പുത്രൻ ഈശോയും, ഇപ്പോൾ തന്റെ ദിവ്യമണവാളനാൽ സ്ത്രീധനമായി ദാനംചെയ്യപ്പെട്ട പരിശുദ്ധ ശിശുത്വം, കഷ്ടാനുഭവം എന്ന രാജ്യങ്ങളിലെ രാജകുമാരിയും നാഥയുമായിത്തീർന്നിരിക്കുന്നവളും തന്നിമിത്തം ഉണ്ണിയീശോയുടെയും തിരുമുഖത്തിന്റെയും എന്ന സ്ഥാനപദവിയ്ക്കു അവകാശിയായിത്തീർന്നിരിക്കുന്നവളുമായ കൊച്ചുത്രേസ്യാ മാർട്ടിനും തമ്മിൽ ആത്മിക വിവാഹം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്ന വിവരം നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ൧൮൯൦ സെപ്റ്റമ്പർ ൮-ാം തിയതി കർമ്മലമലയിൽവെച്ചു നടന്ന വിവാഹവിരുന്നിൽ സ്വർഗ്ഗീയാരമനയിലുള്ളവർമാത്രം പ്രവേശനമുണ്ടായിരുന്നതിനാലാണു് നിങ്ങളെ ക്ഷണിക്കാൻ കഴിയാഞ്ഞതു്. ആകയാൽ ദൈവകുമാരനായ ഈശോ, ജീവിക്കുന്നവരെയും മരിക്കുന്നവരെയും വിധിക്കുവാനായി മേഘങ്ങളിൽ തന്റെ മഹിമപ്രതാപത്തോടുകൂടെ വരുവാൻ നിശ്ചയിച്ചിരിക്കുന്ന ദിവസമായ നാളെ - നിത്യത്വദിനത്തിൽ - നടത്തപ്പെടുന്ന സൽക്കാരസമ്മേളനത്തിൽ നിങ്ങളും കൂടെ വരുവാറാകണമെന്നു അപേക്ഷ. സമയം തീർച്ചയില്ലാത്തതുകൊണ്ടു ജാഗ്രതയോടുകൂടെ തയ്യാറായിരുന്നുകൊള്ളുമല്ലോ."

അവളുടെ നാമകരണം (൧൯൨൫ മേയ് ൧൭) വഴിയായി ത്രേസ്യാ മാർട്ടിന്റെ ആത്മാവു് ദൈവത്തോടുകൂടെ ഭദ്രമായിരിക്കുന്നുവെന്നും, ദൈവത്തോടുകൂടെ നിത്യഭാഗ്യമനുഭവിക്കുന്നതിനു

വേണ്ടി സൃഷ്ടിക്കപ്പെട്ട അവൾ ആ അന്ത്യം പ്രാപിച്ചിട്ടുണ്ടെന്നും, അവളുടെ ജീവിതത്തിന്റെ യഥാൎത്ഥവിജയം അവൾ സമ്പാദിച്ചിരിക്കുന്നതിനാലും മിശിഹായുടെ ആഗമനത്തെ സ്നേഹിക്കുന്ന എല്ലാവൎക്കും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന മഹിമയുടെ കിരീടം അവൾ സ്വീകരിച്ചിരിക്കുന്നതിനാലും നമുക്കു നിൎഭയം അനുകരിക്കാവുന്ന ഒരു മാതൃകയാണ് അവൾ എന്നും തിരുസ്സഭ സാഘോഷം പ്രഖ്യാപനംചെയ്തിരിക്കുന്നു.

## വിശുദ്ധ ചെറുപുഷ്പത്തിന്റെ ചില വാക്യങ്ങൾ.

"ദൈവത്തിന്റെ വിളി വളരെ ശക്തിയായി എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നതിനാൽ നമ്മുടെ കൎത്താവിനെ പിൻതുടരുന്നതിനായി അഗ്നികുണ്ഡത്തിൽ ചാടുവാൻ അവശ്യമുണ്ടെങ്കിൽ അതിനുംകൂടെ ഞാൻ തയ്യാറായിരുന്നു."

* * *

"എനിക്കു ആത്മാഭിമാനവും അതോടുകൂടിത്തന്നെ പ്രകൃത്യാ നന്മയിലുള്ള സ്നേഹവും ധാരാളമുണ്ടായിരുന്നതിനാൽ എന്നോടു ഒരു കാൎയ്യം ചെയ്യരുതെന്നു ഒരിക്കൽ പറഞ്ഞാൽ മതി. പിന്നെ ഞാൻ അതു ചെയ്തിരുന്നില്ല."

* * *

"എന്റെ ദൈവമെ, ഞാൻ എല്ലാം എടുക്കുന്നു. ചിലതുമാത്രം ചെയ്ത് പുണ്യവതിയാകാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. അങ്ങേയ്ക്കുവേണ്ടി കഷ്ടപ്പെടുന്നതിനു എനിക്കു പേടിയില്ല. എനിക്കു ഒരു ഭയംമാത്രമേയുള്ളു. അതു എന്റെ സ്വന്തം ഇഷ്ടത്തെ അനുകരിക്കുകയെന്നതാണ്. അതിനാൽ ഞാൻ കാൎയ്യവസ്തുന്ന എന്റെ മനസ്സിനെ സ്വീകരിക്കുക. എന്തുകൊണ്ടെന്നാൽ അങ്ങുന്നു ഇഷ്ടപ്പെടുന്നതെല്ലാം ഞാൻ എടുത്തുകൊള്ളുന്നു."

# മതപരിവത്തനം.

"അതുകൊണ്ട് കത്തോലിക്കസഭയിൽ ചേരുന്നതിന്ന വേണ്ട സംഗതികൾ അച്ചൻ ദയവായി എന്നെ പഠിപ്പിക്കണം" എന്ന് വി. പത്രൊസിൻെറ പള്ളിമേടയിൽവെച്ചു മി. തോമ്മസ്,ഫാദർ മാട്ടിനോട്ട പറഞ്ഞു. അച്ചൻ, തോമ്മസിൻെറ മുഖത്തു അല്പനേരം നോക്കിയതിൻെറശേഷം "മി. തോമ്മസ്, എനിക്ക ഇതിനേക്കാൾ വലിയ സന്തോഷമുണ്ടാകാനില്ല. നിങ്ങൾക്ക സൌകൎയ്യമുള്ള ദിവസങ്ങളിൽ വൈകന്നേരം ഇവിടെ വന്നാൽ നിങ്ങൾക്ക് ആവശ്യമുള്ള ഉപദേശങ്ങളെല്ലാം തരാൻ ഞാൻ തയ്യാറാണ്. നിങ്ങൾ വിവാഹിതനാണെന്ന കുറച്ചുമുമ്പു പറഞ്ഞുവല്ലൊ. നിങ്ങളുടെ ഭാൎയ്യക്ക കത്തോലിക്കാമതത്തെപ്പററി അറിയുവാൻ ആഗ്രഹമുണ്ടായിരിക്കുമല്ലൊ?"

തോമ്മസ് ഈ ചോദ്യം കേട്ടപ്പോൾ അല്പം അതൃപ്തി പ്രദൎശിപ്പിച്ചു.

"അച്ചാ, എനിക്ക അങ്ങിനെ തോന്നുന്നില്ല. ഞാൻ കത്തോലിക്കനായിത്തീരാൻ പോകുന്ന വാൎത്ത അവൾക്ക അസുഖത്തിന്ന കാരണമായിരിക്കും. അവൾ ഒരു ഉറച്ച പ്രൊട്ടസ്റ്റാൻറ് കാരിയാണ്. എന്നാൽ കുറെ കഴിയുമ്പോൾ അവൾക്ക ഈ മാററം ഇഷ്ടമായിത്തീരാനെളുപ്പമുണ്ട്."

"അതേ, അതേ, അങ്ങിനെതന്നെയായാണ്. എന്നാൽ അവൾ നിങ്ങളെ അനുകരിച്ചു സത്യസഭയിൽ ചേരുന്നതിന്ന വേണ്ട പ്രസാദവരം നൽകുവാൻ നാം ദൈവത്തോട്ട പ്രാൎത്ഥിക്കണം. കൊള്ളാം, തോമ്മസ്, നിങ്ങൾക്ക ഏതെല്ലാം ദിവസങ്ങളിൽ ഇവിടെ ഉപദേശത്തിന്ന വരാൻ സൌകൎയ്യമുണ്ടായിരിക്കും?" അവർ രണ്ടുപേൎക്കും സൌകൎയ്യമുള്ള ഒരു സമയം നിശ്ചയിച്ചതിൻെറശേഷം തോമ്മസ് അച്ചനോട്ട യാത്രപറഞ്ഞു പിരിഞ്ഞു.

താൻെറ ഭൎയ്യയായ മേരി ഈ വൎത്തമാനം കേൾക്കുമ്പോൾ എന്തു വിചാരിക്കും എന്നൊക്കെ ചിന്തിച്ചുകൊണ്ടു അയാൾ വീട്ടിലേക്ക നടന്നു. "അവൾ ആദ്യം അല്പം അസുഖം പ്രദൎശിപ്പിക്കും. എങ്കിലും ഇങ്ങിനെ ചെയ്യാതെ നിവൃത്തിയില്ല" എന്ന അയാൾ തന്നെത്താൻ പറഞ്ഞു. ഫാദർ മാട്ടിനുമായുള്ള കൂടിക്കാഴ്ച

യ്ക്കുശേഷം അയാൾക്കു വളരെ സന്തോഷമുണ്ടാകയും തന്റെ മനസ്സിൽനിന്നു എന്തോ വലിയ ഭാരം എടുത്തുമാററിയതുപോലെ തോന്നുകയും ചെയ്തു. അരമണിക്കൂറുകൊണ്ടു അയാൾ വീട്ടിൽ എത്തി. അന്നത്തെ അത്താഴസമയത്തു അവരുടെ സംഭാഷണ വിഷയവും ഇതായിരുന്നു.

"പ്രിയ മേരി, ഇന്നു എനിക്കു അല്പം വിശേഷം പറയാനുള്ളതു് കേൾക്കുമ്പോൾ നിനക്കു അത്ഭുതം തോന്നാതിരിക്കയില്ല."

"അതെന്താണ്? അവർ നിങ്ങളെ അവിടത്തെ മാനേജരാക്കിയിരിക്കാം. അതു ഒരു പ്രധാന സംഗതിതന്നെയാണ്. നിങ്ങൾ എന്താണു ഇത്ര ഗൌരവം നടിച്ചിരിക്കുന്നതു്?" എന്നു മേരി ചിരിച്ചുകൊണ്ടു പറഞ്ഞു.

തോമ്മസ് അല്പനേരം ഹൃദയപൂർവ്വം പ്രാർത്ഥിച്ചു. കത്തോലിക്കമതത്തോടു അവൾക്കു വെറുപ്പാണെന്നു അയാൾക്കു അറിയാമായിരുന്നു. അനന്തരം അയാൾ ഇങ്ങിനെ ആരംഭിച്ചു:

"ഞാൻ കത്തോലിക്കനായിത്തീരുന്നതിനു നിശ്ചയിച്ചിരിക്കുന്നു. നാളെ വൈകുന്നേരം ഞാൻ വേദോപദേശത്തിനു പോകുന്നതാണ്.

"എന്തു? നിങ്ങൾ പറയുന്നതു വാസ്തവമാണോ?" എന്നു് അവൾ അല്പം വിളറിയ മുഖത്തോടുകൂടെ വിസ്മയഭരിതയായി ചോദിച്ചു.

"അതേ, മേരി. ഞാൻപറയുന്നതു വാസ്തവമാണ്."

"നിങ്ങൾക്കു ഇത്ര പെട്ടെന്നു ഒരു മാററമുണ്ടാകുവാൻ കാരണമെന്താണ്? ഭയങ്കരന്മാരായ പാപ്പാമാരെപ്പററി നിങ്ങൾക്കറിവുണ്ടല്ലോ? കത്തോലിക്കർ കന്യകാമറിയത്തേയും വിശുദ്ധന്മാരേയും ആരാധിക്കുന്ന വിവരവും നിങ്ങൾ മറന്നിരിക്കയില്ല. ല്ലോ?" എന്നു മേരിപറഞ്ഞു.

"മേരി, ഇതു പെട്ടെന്നുണ്ടായ ഒരു മാററമല്ല. ലോകമഹായുദ്ധം അവസാനിച്ചനാൾമുതൽ ഇതു എന്റെ തലയിൽ ഇരിക്കുന്നതാണ്. ഞാൻ അതിനെ കളയാൻ ചിലപ്പോഴൊക്കെ വ

ളരെ പണിപ്പെട്ടിട്ടുണ്ട്. എങ്കിലും സാധിച്ചിട്ടില്ല. ഇതു് ഫ്രാൻസിൽ ൧൮൭൦-ൽ യുദ്ധത്തിൽ ഏപ്പെട്ടിരിക്കുമ്പോഠം ആരംഭിച്ചിട്ടുള്ളതാണ്. തല പോകുന്നതെപ്പോഴെന്നറിയാതെ ഞാൻ വ്യസനിച്ചുനിൽക്കുമ്പോഠം മെലോൺ എന്നൊരു കത്തോലിക്കൻ യാതൊരു കൂസല്യംകൂടാതിരിക്കുന്നതുകണ്ടു അയാളുടെ ഈ ധൈര്യത്തിനു കാരണമെന്താണെന്നു ഞാൻ ചോദിച്ചു. അതിന് 'ഞാൻ കൊന്ത എത്തിക്കയാണെന്നും അതുനിമിത്തം മററു വിചാരങ്ങഠംക്കു എന്നിൽ സ്ഥലമി'ല്ലെന്നും അയാഠം എന്നോടു പറഞ്ഞു. അതു നല്ലതാണെന്നു എനിക്കു തോന്നിയതിനാൽ ഒരു കൊന്തവാങ്ങിച്ചു തരുന്നതിനും അതു ജപിക്കുന്നതിന് എന്നെ പഠിപ്പിക്കുന്നതിനും ഞാൻ അയാളോടു അപേക്ഷിച്ചു. അയാഠം അങ്ങിനെതന്നെ ചെയ്തു. ഞാൻ ജപമാല പതിവായി എത്തിച്ചതിനാൽ എനിക്കു വളരെ അനുഗ്രഹങ്ങഠം ലഭിക്കുകയും കത്തോലിക്കമതസംബന്ധമായ പുസ്തകങ്ങഠം വായിക്കുന്നതിനു താൽപയ്യമുണ്ടാകയുംചെയ്തു. ഞാൻ ഇന്നുമുതൽ വേദോപദേശം പഠിക്കുന്നതിനും തീച്ചയാക്കിയിരിക്കയാണ്. മേരി, കന്യകയേയും വിശുദ്ധന്മാരേയും മററും ആരാധിക്കണമെന്നു പറയുന്നതു അസംബന്ധമാണ്."

മേരി യാതൊരു ഭാവഭേദവും കൂടാതെ "ഇതൊക്കെ നല്ലതുതന്നെ. നിങ്ങഠം നിങ്ങളുടെ നാഥനാണ്. നിങ്ങഠംക്കിഷ്ടമാണെങ്കിൽ മുഹമ്മദീയനാകണമെങ്കിലും വിരോധമില്ല. ഇനി നമുക്കു അല്പം സന്തോഷമുള്ള സംഗതികളെക്കുറിച്ചു പറയാം."

അവർ മററു സംഗതികളെക്കുറിച്ചുതന്നെ സംസാരിച്ചു എങ്കിലും തോമ്മസിനോ മേരിക്കോ ഈ കായ്യം തീരെ വിസ്മരിക്കുന്നതിനു സാധിച്ചില്ല. അവർ തൃപ്തിയോടുകൂടെ അത്താഴം കഴിച്ചതിൻെറശേഷം മേരി ആറു വയസ്സു പ്രായമുള്ള അവളുടെ ചെറിയ കുട്ടിക്കു ഉടുപ്പു തുന്നിക്കൊടുക്കുന്നതിനുപോയി.

ഈ സംഭവം കഴിഞ്ഞു സാഹചയ്യങ്ങഠംക്കു അല്പം മാററം വരുത്തേണ്ടിവന്നു. ആദ്യമായി വെള്ളിയാഴ്ച മാംസം ഭക്ഷിക്കാൻ തനിക്കു പാടില്ലെന്നുള്ള വിവരം മേരിയെ ധരിപ്പിക്കേണ്ടതാ

ണല്ലൊ.

"പ്രിയ മേരീ, എനിക്കു വെള്ളിയാഴ്ച ഇറച്ചി തിന്നാൻ പാടില്ലെന്നു വ്യസനസമേതം പറഞ്ഞുകൊള്ളട്ടെ. അതു മുടക്കപ്പെട്ടതാണ്."

ഇതു കേട്ടപ്പോൾ മേരിക്കു അല്പം അസുഖം തോന്നി. അവൾ മാംസം വാങ്ങുന്നതിൻവേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. അവൾ ഇച്ഛാഭംഗത്തോടുകൂടെ പറഞ്ഞു: "അങ്ങിനെയാണോ; അവർ നിങ്ങളെ ഇനി ഒരു സന്യാസിയാക്കിത്തീർക്കുന്നതാണ്. പിന്നീടു നിങ്ങളോടു രോമച്ചട്ട ധരിക്കുന്നതിനും പറയും."

ഇതു കേട്ടപ്പോൾ തോമ്മസിനു വിഷമം തോന്നിയെങ്കിലും അയാൾ ഒന്നും മറുപടി പറഞ്ഞില്ല. പിന്നീടു ഞായറാഴ്ച വന്നു. രണ്ടുപേരും പതിവുപോലെ പള്ളിയിലേക്കു പുറപ്പെട്ടു. രണ്ടുപേരും രണ്ടു വഴിക്കു പോകേണ്ടതായിവന്നു. തോമ്മസ് കത്തോലിക്ക പള്ളിയിലേക്കും മേരി പ്രൊട്ടസ്റ്റാണ്ടു പള്ളിയിലേക്കും തിരിച്ചു.

മേരി പള്ളിയിൽ എത്തിയതിന്റെ ശേഷം പ്രാർത്ഥിക്കുന്നതിനുപകരം കൈകൊണ്ടു മുഖംമൂടി കരയുവാൻ തുടങ്ങി. ഇതു കണ്ടു അവളുടെ കൊച്ചുകുട്ടി യൂദിത്ത് "അമ്മ കരയുന്നതു എന്തിനാണ്? അപ്പച്ചൻ ഇപ്പോൾ നമ്മുടെകൂടെ വരാഞ്ഞിട്ടാണോ?" എന്നു ചോദിച്ചു.

വ്യസനാക്രാന്തനായ തോമ്മസാകട്ടെ ഹൃദയപൂർവ്വം തന്റെ സ്വർഗ്ഗീയ മാതാവായ മറിയത്തോടു തനിക്കുവേണ്ടിയും തന്റെ പ്രിയ ഭാര്യയ്ക്കുവേണ്ടിയും ദിവ്യസുതന്റെ അടുക്കൽ മാദ്ധ്യസ്ഥം പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചു. മേരി, അവർ തമ്മിലുള്ള അകൽച്ചയെപ്പററി വിചാരിച്ചും തോമ്മസ് ചഞ്ചലമനസ്കനായി തന്റെ ഭാര്യ സംഗതികൾ തെററിധരിച്ചിരിക്കുന്നുവെന്നു വിഷാദിച്ചും ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി. തോമ്മസിന്റെ മനസ്സിൽ പ്രധാന സ്ഥാനം പിടിച്ചിരുന്നതു യൂദിത്തിന്റെ കാര്യമായിരുന്നു. അവൾ കത്തോലിക്കമതത്തിൽ ചേരണമെന്നും കത്തോലിക്കവിദ്യാലയത്തിൽ പഠിക്കണമെന്നും അയാൾ

ആഗ്രഹിച്ചു. താൻ സ്നേഹിക്കുന്ന തൻെറ പ്രിയപ്പെട്ടവരുടെ ആത്മരക്ഷയെപ്രതി ഒരു കത്തോലിക്കനെന്നനിലയിൽ താൻ ചെയ്യേണ്ട ഒരു കർത്തവ്യകർമ്മം മാത്രമാണു ഇതെന്നു അയാൾ ധരിച്ചിരുന്നു. എന്നാൽ മേരിയെ എങ്ങിനെയാണു ഇതു മനസ്സിലാക്കേണ്ടതു? "മേരി കത്തോലിക്കമതത്തിൽ ചേർന്നിരുന്നെങ്കിൽ! അവൾ സംഗതികൾ വേണ്ടവിധത്തിൽ ധരിച്ചിരുന്നുവെങ്കിൽ മതിയായിരുന്നു." ഇതായിരുന്നു അയാളുടെ പ്രാർത്ഥന.

യൂദിത്തിനെ കത്തോലിക്കമതത്തിൽ ചേർക്കുന്നതിനും കത്തോലിക്കസ്ക്കൂളിൽ അയക്കുന്നതിനും നിശ്ചയിച്ചിരിക്കുന്ന വിവരം അയാൾ മേരിയെ അറിയിച്ചു മേരിക്ക് ഇതു രസിച്ചില്ല; അവളുടെ മുഖം വിളറി. അവൾ പറഞ്ഞു:

"നിങ്ങൾക്കു അങ്ങിനെ ചെയ്യാൻ പാടില്ല. യൂദിത്തിനെ എന്നിൽനിന്നും വേർപെടുത്തി എടുക്കാൻ നിങ്ങൾക്കു കഴികയില്ല. ദയവായി അങ്ങിനെ ചെയ്യരുത്. അവൾ നിങ്ങളോടുകൂടെ കത്തോലിക്ക പള്ളിയിൽ പോരും. ഞാൻ തനിച്ചു എൻെറ പള്ളിയിൽ പോകേണ്ടിവരും. അവൾ പ്രൊട്ടസ്റ്റാൻറുകാരെയും അതോടുകൂടെ എന്നെയും വെറുക്കുകയും ഹസിക്കുകയും ചെയ്യും. അതു ഒരിക്കലും ചെയ്യാൻ പാടില്ല. ഞാൻ അവളെയും സ്നേഹിക്കുന്നു." തോമ്മസ്, അങ്ങിനെയൊന്നും സംഭവിക്കുന്നതല്ലെന്നും യൂദിത്ത് ഇപ്പോഴത്തെക്കാൾ കൂടുതലായി അന്നുമുതൽ അവളെ സ്നേഹിക്കുന്നതാണെന്നും അവളെ മനസ്സിലാക്കാൻ ശ്രമിച്ചു. എന്നാൽ അതുകൊണ്ടൊരു ഫലവുമുണ്ടായില്ല. അയാൾ പരിഭ്രാന്തനായി. മേരിയുടെ ദുഃഖം അയാളെ അസ്വസ്ഥചിത്തനാക്കിത്തീർത്തു. മേരി അന്നു കരഞ്ഞുകൊണ്ടാണ് ഉറങ്ങാൻ പോയതു്. ഈലോകജീവിതം അവൾക്കു ദുസ്സഹമായിത്തോന്നി. തോമ്മസ് കത്തോലിക്കനായി വീട്ടിൽ പ്രവേശിച്ചതോടുകൂടി സൌഭാഗ്യം അവിടെനിന്നു അന്തർദ്ധാനം ചെയ്തതായി അവൾക്കു തോന്നി. തൻെറ മകൾ ആ മതത്തിൽ ചേരുന്നതിനുമുമ്പു താൻ മരിക്കയാണു് നല്ലതെന്നു അവൾ വിചാരിച്ചു. തോമ്മസിനെ മന്ത്രവാദം ചെയ്തു കത്തോലിക്കർ വശീകരിച്ചിരിക്കയാ

ണെന്നും യൂദിത്തിനെയും അപ്രകാരം ചെയ്യാൻ താൻ അനുവദിക്കുന്നതല്ലെന്നും അവൾ ശഠിച്ചു

പിറേറന്നു വൈകുന്നേരം തോമ്മസ് ജോലിസ്ഥലത്തുനിന്നു വീട്ടിൽ വന്നപ്പോൾ അവിടെ യാതൊരു അനക്കവും കേൾക്കാനില്ല. മേരി സാമാനങ്ങൾ വാങ്ങാൻ മാക്കററിൽ പോയിരിക്കാം എന്നു അയാൾ വിചാരിച്ചു. അയാൾക്കു വീണ്ടും സംശയം ജനിച്ചു. ഉടുപ്പുകൾ മാറുന്നതിനുമുമ്പുതന്നെ അയാൾ മുറികളെല്ലാം ചുററി നടന്നുനോക്കി. "മേരീ! യൂദിത്ത്!" എന്നു ഉറക്കെ വിളിച്ചു. എന്നാൽ അയാളുടെ ശബ്ദത്തിൻെറ പ്രതിധ്വനിയല്ലാതെ മറെറാന്നും അവിടെ കേൾക്കാനില്ല. അനന്തരം മേരി വല്ല സ്നേഹിതയെയും സന്ദർശിക്കാൻ പോയിരിക്കാമെന്നു വിചാരിച്ചുകൊണ്ടു അയാൾ ഒരു കസേരയിൽ ചെന്നിരുന്നു. മേശമേൽ 'തോമ്മസ്' എന്നു മേൽവിലാസം എഴുതിയിരുന്ന ഒരു കത്തു് കിടക്കുന്നതായി അയാൾ കണ്ടു. അയാൾ അതു് പരിഭ്രമത്തോടുകൂടെ എടുത്തുവായിച്ചു. അയാളുടെ സംശയം ശരിയാണെന്നു അയാൾക്കു ബോദ്ധ്യപ്പെട്ടു. മേരി യൂദിത്തിനെയുംകൊണ്ടു പൊയ്ക്കളഞ്ഞു! മുഖം കൈകൾകൊണ്ടു മൂടി കുറെ നേരം അയാൾ നിശ്ചലനായി അവിടെ ഇരുന്നു. വീണ്ടും എഴുത്തു എടുത്തു വായിച്ചു. അയാൾക്കു വിശ്വാസം വന്നില്ല; എങ്കിലും അതു മേരിയുടെ കയ്യക്ഷരംതന്നെയായിരുന്നു. എഴുത്തു് ഇപ്രകാരമാണ്:

"എൻെറ പ്രാണപ്രിയനേ,

ഞാൻ യൂദിത്തിനെയുംകൊണ്ടു പോകുകയാണ്. ഞാൻ അങ്ങെ സ്നേഹിക്കുന്നില്ലെന്നു ഒരിക്കലും വിചാരിച്ചുപോകരുതു്. കത്തോലിക്ക മതം എന്നിൽനിന്നു നിങ്ങളെ വേർപെടുത്തിയതുപോലെ അതു് യൂദിത്തിനെയും വേർപെടുത്തുന്നതു് കാണാൻ എനിക്കു ശക്തിയില്ല. അങ്ങേയ്ക്കു കത്തോലിക്ക മതത്തിൽ ചേർന്നതിൽപിന്നെ വലിയ മാററം വന്നിരിക്കുന്നു. യൂദിത്തിനെ കത്തോലിക്ക മതത്തിൽ ചേർക്കുന്നതല്ലെന്നു വാഗ്ദത്തം ചെയ്യാമെങ്കിൽ ഞാൻ ഉടനെ മടങ്ങിവരുന്നതാണ്.

എന്നു അങ്ങെ സ്നേഹിക്കുന്ന മേരിയും യൂദിത്തും."

ഇതിൻെറ യാഥാർത്ഥ്യം - ഏകാന്തജീവിതം - തോമ്മസി ന്ന വലിയ ഭീതിയെ ഉളവാക്കി. "ഓ ദൈവമേ, ഞാൻ എന്താണ് ചെയ്യേണ്ടത് ?" എന്ന അയാൾ ആക്രോശിച്ചു.

സൌഭാഗ്യസമ്പൂർണ്ണതയിൽ എത്തിയ അയാളുടെ കുടുംബം മതപരിവർത്തനം നിമിത്തം നാശോന്മുഖമായിത്തീരുന്നതിനെ കാണാൻ അയാൾ നിർബ്ബന്ധിതനായി. ഈ ഭയങ്കരമായ വേർപാടു നിമിത്തം ഉദ്ഭൂതമായ ദുസ്സഹദുഃഖം, മതസംബന്ധമായ കാര്യങ്ങളെ ഉപേക്ഷിച്ചു മേരിയെയും യൂദിത്തിനെയും തിരികെ വിളിക്കുന്നതിനുള്ള പ്രലോഭനത്തിൽ അയാളെ കൊണ്ടുപോയി ചാടിച്ചു.

"അവരെക്കൂടാതെയുള്ള ജീവിതം എനിക്കു ദുഷ്കരമാണ്. എൻെറയും ഞാൻ സ്നേഹിക്കുന്നവരുടെയും സൌഭാഗ്യത്തെ എൻെറ സ്വന്തം കൈകൊണ്ടുതന്നെ ഞാൻ നശിപ്പിക്കുന്നത് അവിവേകമല്ലയോ? ഇതിൽഭേദം ഞാൻ മരിക്കയാണ്" എന്ന അയാൾ വിചാരിച്ചു.

താൻ സ്വീകരിച്ച വിശ്വാസദാനത്തെ ഉപേക്ഷിക്കുന്നതും ഐഹിക പാരത്രികനന്മകളെ നശിപ്പിക്കുന്നതും ദൈവത്തോടു മറുതലിക്കുന്നതിന് തുല്യമാണ് എന്ന അയാൾക്കു നല്ലപോലെ അറിയാമായിരുന്നു. ഒരു മണിക്കൂറിലധികം അയാൾ ഈ പരീക്ഷയോടു എതിരിട്ടുകൊണ്ടിരുന്നു. ഈ സമയത്ത് അയാളുടെ സ്വർഗ്ഗീയമാതാവായ മറിയം അയാൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നതിനാൽ അയാൾ അതിൽ വിജയം പ്രാപിക്കുകയും അനന്തരം അയാൾ എഴുന്നേററു ഫാദർ മാട്ടിൻെറ മുറിയിലേയ്ക്കു പോകുകയുംചെയ്തു. ഈ ഒരു മണിക്കൂറിനകം ഫാദർ മാട്ടിന് അയാളെ പഠിപ്പിക്കാൻ കഴിയുന്നതിലധികം അയാൾ തന്നത്താൻ അനുഭവിച്ചറിഞ്ഞിട്ടുണ്ടെന്ന അദ്ദേഹം അയാളെ മനസ്സിലാക്കി.

"തോമ്മസേ, ഇതു് നമ്മുടെ ബുദ്ധിക്ക് അഗ്രാഹ്യമാണെങ്കിലും കുരിശിൻെറ രഹസ്യം ഇപ്രകാരമാണ്. നമ്മുടെ നാഥനായ ദൈവം കുരിശുകൾ അയക്കുന്നതു് നമ്മുടെ ഗുണത്തിനു

വേണ്ടിയാണ്. അതു് ദൈവവരപ്രസാദത്തിൻെറ സ്രോതസ്സുകളും, തന്നെ സ്നേഹിക്കുന്നവർ ഗാഗുൽത്തായിലെ ശോകപുരുഷനെയാണ് സ്നേഹിക്കുന്നതെന്നു നമ്മെ പഠിപ്പിക്കുവാനുംകൂടിയാകുന്നു. അവിടുന്നു നിനക്കു അവിടുത്തെ സ്വന്തം സ്കൂളിൽ - പ്രയാസങ്ങളുടെയും ദുഃഖങ്ങളുടെയും സ്കൂളിൽ - പ്രവേശനം നൽകിയിരിക്കുന്നു. തോമ്മാസ, നിൻെറ വിശ്വസ്തതയ്ക്കു സമ്മാനമായി മേരിയ്ക്കാവശ്യമുള്ള വരപ്രസാദത്തെ അവൾക്കു നൽകുവാൻ പ്രാർത്ഥിക്കയാണ് ഇനി നാം ചെയ്യേണ്ടതു്. 'അവിടുത്തെ തിരുമനസ്സുപോലെയാകട്ടെ' എന്നു പറയുവാൻ നീ എല്ലായ്പ്പോഴും പ്രയാസപ്പെടണം. എല്ലാ ദിവസവും കാലത്തു് എൻെറ കുർബ്ബാനയിൽ ഈ പ്രത്യേകനിയോഗം ഞാൻ വെയ്ക്കുന്നതാണ്."

ഫാദർ മാട്ടിനെ സന്ദർശിച്ചതിൻെറശേഷം തോമ്മസ് വിശുദ്ധ കുർബ്ബാനയുടെ മുമ്പിൽ ഒരു മണിക്കൂർസമയം പ്രാർത്ഥിച്ചു. ഹൃദയവേദനയോടുകൂടെയാണെങ്കിലും അയാൾ ശാന്തനായി വീട്ടിലേക്കു മടങ്ങി. കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഇതു ദൈവതിരുമനസ്സാണെന്നു അയാൾ തീർച്ചയാക്കി ഈശോയ്ക്കും മറിയത്തിനും അതു സമർപ്പിച്ചു. ഇതു പോരാഞ്ഞിട്ടു എന്നോണം അയാൾക്കു മറെറാരു അത്യാഹിതവും ഈ അവസരത്തിൽ നേരിട്ടു. സാമ്പത്തികാധഃപതനം നിമിത്തം അയാൾ ജോലിചെയ്തിരുന്ന കമ്പനിയിലെ ചില ജോലിക്കാരെ പിരിച്ചുവിടേണ്ടതായിവന്നു. അവരുടെ കൂട്ടത്തിൽ തോമ്മസും ഉൾപ്പെട്ടിരുന്നു. ഇതു് എന്തൊ തെററുകൊണ്ടു വന്നിട്ടുള്ളതാണെന്നും താൻ ചെറുപ്പം മുതൽ കമ്പനിക്കുവേണ്ടി വേലചെയ്തിട്ടുള്ളതാണെന്നും തോമ്മസ് മാനേജരെ അറിയിച്ചു. ഹെഡാഫീസിൽനിന്നും വന്നിട്ടുള്ള പട്ടികയിൽ അയാളുടെ പേരുമുൾപ്പെട്ടിട്ടുണ്ടെന്നും തന്നിമിത്തം തനിക്കു ഒന്നും ചെയ്യാൻ നിവൃത്തിയില്ലെന്നും എന്നാൽ അയാളുടെ ഇതുവരെയുള്ള നല്ല സേവനത്തെക്കുറിച്ചു അവിടെ അറിയിക്കാമെന്നും അതിൽനിന്നു എന്തെങ്കിലും ഗുണം കിട്ടുമെന്നു പ്രതീക്ഷിക്കാമെന്നും മാനേജർ പറഞ്ഞു.

തോമ്മസ് ഇടറിയ സ്വരത്തിൽ അദ്ദേഹത്തിനു വന്ദനം പറഞ്ഞതിന്റെശേഷം ഹൃദയവേദനയോടുകൂടി വീട്ടിലേക്കു മടങ്ങി. വീട്ടിലേക്കുള്ള വഴി പള്ളിയുടെ സമീപത്തുകൂടിയാണെങ്കിലും ഇത്തവണ പള്ളിയിൽ പ്രവേശിക്കാൻ അയാൾക്കു മനസ്സുവന്നില്ല. അയാൾ ഓരോ സംഗതികൾ വിചാരിച്ചുകൊണ്ടു തിങ്ങിയ ജനക്കൂട്ടത്തിന്റെ ഇടയിൽകൂടി തെരുവീഥികൾ കടന്നുപോയി. "ഞാൻ കത്തോലിക്കനാകാൻ തീരുമാനിക്കുന്നതുവരെ എല്ലാം സൌഭാഗ്യ സമ്പൂർണ്ണമായി കഴിഞ്ഞുകൂടി. എന്നാൽ ഇപ്പോഴാകട്ടെ- മേരിപോയി! യൂദിത്ത്പോയി! വീടും, ആരോഗ്യവും നശിച്ചു. ഇപ്പോൾ തൊഴിലുമില്ലാതായി. 'കുരിശിന്റെ രഹസ്യ'മെന്നു ഫാദർ മാട്ടിൻ പറയുന്നു. ഞാൻ ദൈവത്തെ സമീപിക്കാൻ തുനിയുമ്പോൾ ദൈവം എനിക്കു പീഡകൾ അയയ്ക്കുന്നതു എന്തിനാണ്? അവിടുത്തെ അഭീഷ്ടം സാധിക്കാനായി ഞാൻ ശ്രമിക്കുമ്പോൾ അവിടുന്നു എനിക്കു ദുരിതങ്ങൾ അയച്ചു എന്നെ കഷ്ടപ്പെടുത്തുന്നതു് എന്തിനാണ്?" ഇങ്ങിനെ സാധുവായ തോമ്മസ് കഷ്ടാരിഷ്ടതകളുടെ നിത്യ പ്രശ്നത്തിനു മറുപടി കണ്ടുപിടിക്കാൻ ശ്രമിച്ചു "ഞാൻ കത്തോലിക്കനായിത്തീരുന്നതു ഒരുപക്ഷേ തെററാണെന്നും വരരുതോ? ഇതു അതിനുള്ള ഒരു ശിക്ഷയല്ലെന്നു ആരു അറിഞ്ഞു?"

ഫാദർ മാട്ടിൻ ഈ വിവരങ്ങൾ തോമ്മസിന്റെ അധരങ്ങളിൽനിന്നു അറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം വെന്തു വെണ്ണീറായി. "കഷ്ടാനുഭവത്തിന്റെ പാരമ്യമാ? എന്നാൽ അതു അനുഭവിക്കതന്നെ വേണം തോമ്മസ്; സമ്മാനത്തിന്റെ ഒരു ദിവസം വരും. 'നിങ്ങൾ പീഡകളുടെ പങ്കുകാരാകുന്നതു പോലെ, നമ്മുടെ കർത്താവീശോമ്ശിഹായിൽ, സമാധാനത്തിന്റെയും ഭാഗഭാക്കുകൾ നിങ്ങളായിത്തീരും' എന്നാണല്ലൊ വി. പൌലോസ് എഴുതിയിരിക്കുന്നതു്. ഔദാര്യത്തിൽ നമ്മുടെ ദിവ്യരക്ഷകനെ കവിഞ്ഞു പ്രവർത്തിക്കുവാൻ ആർക്കും സാധിക്കയില്ല അവിടുന്നു മേരിയേയും യൂദിത്തിനേയും ഇവിടെ വരുത്തും; അതു തീർച്ചയാണു്" എന്നു ഫാദർ മാട്ടിൻ ശാന്തമായി പറഞ്ഞു.

തോമ്മസിൻെറ മതപഠനം മിക്കവാറും പൂർത്തിയായിരിക്കുന്നു. ഒരാഴ്ച കഴിഞ്ഞു തിരുസ്സഭയിൽ ചേരുന്നതിനും, ആദ്യകുമ്പസാരവും വി. കുർബ്ബാന സ്വീകരണവും കഴിക്കുന്നതിനും നിശ്ചയിച്ചിരിക്കുന്നു. മേരി തോമ്മസിനെ വിട്ടു പിരിഞ്ഞതിൽപിന്നെയുണ്ടായ മൂന്നുമാസത്തെ ഏകാന്തജീവിതം നിമിത്തം തോമ്മസ് വിളറിയും ക്ഷീണിച്ചുമിരുന്നു. അതുകൊണ്ടു തൻെറ സ്നേഹിതനായ ഒരു ശ്രേഷ്ഠൻെറ കീഴിലുള്ള കൊവേന്തയിൽ പോയി കുറെനാൾ പ്രാർത്ഥനയിലും വിശ്രമത്തിലും കഴിക്കുന്നതു എല്ലാംകൊണ്ടും നല്ലതാണെന്നു ഫാദർ മാർട്ടിൻ പറയുകയാൽ അദ്ദേഹം അങ്ങിനെ ചെയ്തു. ഇതിനിടയിൽ തോമ്മസിൻെറയും മേരിയുടെയും ഒരു സ്നേഹിത മദ്രാസിൽ തൻെറ കൊച്ചമ്മയോടുകൂടെ താമസിക്കുന്ന മേരിയെ കണ്ടുമുട്ടി. അവൾ തോമ്മസിൻെറ ജോലി നഷ്ടപ്പെട്ട വിവരവും അയാൾ കത്തോലിക്കസഭയിൽ ചേരുവാൻ പോകുന്ന സംഗതിയും മേരിയോടു പറഞ്ഞു. തോമ്മസിൻെറ ദൌർഭാഗ്യത്തേയും ഏകാന്ത ജീവിതത്തെയും അനാരോഗ്യത്തെയും പററി കേട്ടപ്പോൾ മേരിയുടെ കണ്ണുകൾ നിറഞ്ഞു. അയാൾ അവളോടു മടങ്ങി വരുന്നതിനും യൂദിത്തിനെ പ്രൊട്ടസ്റ്റാൻറു സഭയിൽ നിർത്തുന്നതിനു വാഗ്ദത്തം ചെയ്യാൻ പാടില്ലാത്തതിൻെറ കാരണങ്ങളെപ്പററിയും അവൾക്കു എഴുതിയിട്ടുണ്ടായിരുന്നു. യൂദിത്തിനെ എത്രമാത്രം അയാൾ സ്നേഹിച്ചിരുന്നുവെന്നു അറിഞ്ഞിരുന്ന മേരി ഈ സ്ഥലംമാററംകൊണ്ടു അയാൾ വാഗ്ദത്തം ചെയ്യുമെന്നാണു വിചാരിച്ചിരുന്നതു്. എന്നാൽ ഇപ്പോൾ അയാളെ വിട്ടുപിരിഞ്ഞതുകൊണ്ടു അവൾക്കു ദുസ്സഹമായ ദുഃഖമുണ്ടായി. അയാളെക്കൂടാതെയുള്ള ജീവിതം അവൾക്കു പ്രയാസമായിതോന്നി. അയാളുടെ അടുക്കലേക്കു ഉടനെ തന്നെ മടങ്ങി പോകുന്നതാണെന്നു അവൾ പറഞ്ഞു. തന്നെക്കൊണ്ടു അയാൾക്കു വളരെ ആവശ്യമുള്ള ഈ സമയത്തു് താൻ ഇവിടെ താമസിക്കുന്നതു ഭംഗിയല്ലെന്നു അവൾക്കുതോന്നി. ഈ വാർത്തകേട്ടപ്പോൾ യൂദിത്തിനുണ്ടായ സന്തോഷം വാചാമഗോചരമായിരുന്നു! മദ്രാസിൽ എത്തിയതിൽപിന്നെ സുഖമില്ലാതെ

കഴിച്ചുകൂട്ടിയ മേരിയുടെയും യൂദിത്തിൻെറയും സന്തോഷം കണ്ട പ്പോറം ആ വൃദ്ധയായ കൊച്ചാമ്മയ്ക്കും അസാധാരണമായ ഒരു ആനന്ദം ഉണ്ടായി.

ശനിയാഴ്ച തോമ്മസ് കൊവേന്തയിൽനിന്നു ധ്യാനം കഴിഞ്ഞു സസന്തോഷം മടങ്ങിയെത്തി ജ്ഞാനസ്നാനവും വി. കുർബ്ബാനയും സ്വീകരിക്കുന്നതിനു തയ്യാറായി. "ഈ അവസരത്തിൽ അവർകൂടെ ഇവിടെ ഉണ്ടായിരുന്നെങ്കിൽ" എന്നു അയാറം വിചാരിച്ചു. അന്നു ഉച്ചകഴിഞ്ഞു അയാറം സഭയിൽ സ്വീകരിക്കപ്പെട്ടുകയും പാപസങ്കീത്തനം കഴിക്കുകയും ചെയ്തു. അടുത്ത ദിവസം രാവിലെ അയാറം വി. കുർബ്ബാന സ്വീകരിക്കുന്നതിനു ഒരുങ്ങി.

"നാളെ കുർബ്ബാന കഴിഞ്ഞു് നിങ്ങറം എൻെറ മുറിയിൽ വരണം. നമുക്കു പ്രാതൽ ഒന്നിച്ചു കഴിക്കണം. മറന്നുപോകരുതു്." എന്നു ആ വൃദ്ധനായ വൈദികൻ പറഞ്ഞു.

"അച്ചാ, വളരെ ഉപകാരം; ഞാൻ മറന്നുപോകയില്ല. ഇക്കഴിഞ്ഞ മൂന്നുമാസം അച്ചൻ എന്നെ വളരെ സഹായിച്ചിട്ടുണ്ടു്" എന്നു തോമ്മസ് പറഞ്ഞതു് മുഴുവനും ഫാദർ മാർട്ടിൻ കേട്ടില്ല.

ആ സുദിനം, വളരെ നാളായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന ആ സമയം വന്നു. തോമ്മസു് ഭക്തിപൂർവ്വം വി. കുർബ്ബാനയിൽ നമ്മുടെ കത്താവീശോമിശിഹായെ ആദ്യമായി സ്വീകരിച്ചു. അയാറം ഹൃദയപൂർവ്വം തനിക്കു ലഭിച്ച നന്മകറംക്കായി ദൈവത്തിനു ഉപകാരസ്മരണചെയ്തു. ആനന്ദാനുഭൂതിയിൽ ലയിച്ചുപോയ അയാറം പഴയ പീഡകളെയെല്ലാം വിസ്മരിച്ചു. ഉപകാരസ്മരണസമയത്തു അയാറം രണ്ടു സംഗതികളാണു് പ്രത്യേകം അപേക്ഷിച്ചതു്. "മധുരമുള്ള ഈശോയെ, അങ്ങെ സ്നേഹിപ്പാൻ എന്നെ പഠിപ്പിക്കേണമെ. അങ്ങേയ്ക്കു ഇഷ്ടമെങ്കിൽ അവരെ തിരികെ വരുത്തണമെ." ആരെയെല്ലാമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അവരെ അയാറം ഓക്കാത്ത ദിവസമോ അവക്കുവേണ്ടി അയാറം പ്രാത്ഥിക്കാത്ത ദിനമോ ഉണ്ടായിരു

ന്നില്ല. അനന്തരം അയാൾ എഴുന്നേററു സങ്കീൎത്തിയിൽ കൂടി പള്ളിമേടയിലേക്കു പുറപ്പെട്ടു. സങ്കീൎത്തിയിൽ വെച്ചു അച്ചൻ അയാളെ അനുഗമിക്കയും ഹൃദയപൂൎവ്വം അയാളെ അനുമോദിക്കയും ചെയ്തു. തോമ്മാസ്, തന്നെ ബുദ്ധിമുട്ടി പഠിപ്പിച്ച അച്ചനു വളരെ വന്ദനം പറഞ്ഞു.

"പ്രാതൽ കഴിക്കാൻ വരിക" എന്നു പറഞ്ഞുകൊണ്ടു അച്ചൻ അയാളെ അദ്ദേഹത്തിൻെറ ഭക്ഷണമുറിയിൽ കൊണ്ടുപോയി. അവിടെ നാലുപേൎക്കു ഭക്ഷണം ഒരുക്കിയിരുന്നതു് അയാൾ അത്ര സൂക്ഷിച്ചില്ല. "ഞാൻ ഇപ്പോൾ വരാം. അല്പനേരം ക്ഷമിക്കണം. ആദ്യകുൎബ്ബാന സ്വീകരണത്തിൻെറ സമ്മാനം നിങ്ങൾക്കു തരാൻ ഞാൻ മറന്നുപോയി" എന്നു പറഞ്ഞുകൊണ്ടു അവിടെനിന്നു അച്ചൻ ധൃതിയിൽ പുറത്തേക്കു പോയി.

ഫാദർ മാൎട്ടിൻ എവിടെ പോയതായിരിക്കും എന്നു വിചാരിച്ചുകൊണ്ടു അയാൾ അവിടെ ഇരുന്നു. ഉടനെതന്നെ യൂദിത്ത് സന്തോഷത്തോടുകൂടെ ഓടിവന്നു 'അപ്പച്ചാ' എന്നു പറഞ്ഞുകൊണ്ടു അവളുടെ പിഞ്ചുകൈകൾ അയാളുടെ കഴുത്തിനു ചുററി അയാളുടെ കപോലങ്ങളിൽ ചുംബിച്ചു.

സന്തോഷഭരിതനായ അയാൾ ആ കൊച്ചുകുട്ടിയെ മാറോടണച്ചുകൊണ്ടു "എൻെറ ഓമനേ, നീ തിരിച്ചുവരുമെന്നു എനിക്കു അറിയാമായിരുന്നു" എന്നു പറഞ്ഞു. അനന്തരം മേരി അകത്തു പ്രവേശിച്ചു. ഈ സമയത്തു് ഇഹത്തിൽ തോമ്മസിനെക്കാൾ സൌഭാഗ്യവാനായ ഒരുത്തനെ കാണാൻ അസാദ്ധ്യമാണു്. മേരിയുടെയും യൂദിത്തിൻെറയും ആനന്ദവും ഒട്ടും കുറവായിരുന്നില്ല.

"നിങ്ങളെ വിട്ടുപിരിഞ്ഞു പോരേണ്ടിവന്നതിൽ ഞാൻ അത്യധികം ദുഃഖിക്കുന്നു. നിങ്ങൾ എന്നോടു ക്ഷമിക്കണം. ഇനി വേർതിരിഞ്ഞു താമസിക്കുന്നതിനു എനിക്കു സാധിക്കയില്ല. നിങ്ങളുടെ ജോലി നഷ്ടപ്പെട്ടതിനെപ്പററിയും നിങ്ങളുടെ സുഖക്കേടിനെക്കുറിച്ചും നിങ്ങൾ എന്നെ അറിയിക്കാതിരുന്നതു എന്തുകൊണ്ടാണു്? നിങ്ങളെ കൂടാതെയുള്ള ജീവിതം ദുസ്സഹമാ

ണ്” എന്നു മേരി പറഞ്ഞു. തോമ്മസ് ഒരു ചുംബനംകൊണ്ടു അവാംക്കു മറുപടി നൽകി.

“നിന്നെയും ജൂഡിത്തിനെയും കൂടാതെയുള്ള എൻെറ ജീവിതത്തെക്കുറിച്ചു നീ അറിഞ്ഞിരുന്നുവെങ്കിൽ! ഒഴിഞ്ഞ വീടും ഏകാന്തവും ദുഃഖവും എനിക്കു അസഹ്യമായിരുന്നു. ദൈവത്തിനു സ്തുതിയായിരിക്കട്ടെ. ഇപ്പോഠം എല്ലാം അവസാനിച്ചിരിക്കുന്നു.” എന്നു തോമ്മസ് പറഞ്ഞു.

മേരി ചിരിച്ചുകൊണ്ടു “കുർബ്ബാനസമയത്തു് ഞങ്ങഠം പള്ളിയിൽ ഉണ്ടായിരുന്നു. നിങ്ങഠം വി. കുർബ്ബാന സ്വീകരിക്കുന്നതും ഞങ്ങഠം കണ്ടു. ഇനി നമുക്കു ഒന്നിച്ചു ജീവിക്കുകയും ഒന്നിച്ചു പള്ളിയിൽ പോകുകയും ചെയ്യാം. ഞാനും കത്തോലിക്കാ സഭയിൽ ചേരുന്നതിനു നിശ്ചയിച്ചുകഴിഞ്ഞു. നിങ്ങഠം ജൂഡിത്തിനെ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നു എനിക്കറിയാം. എന്നെയും ജൂഡിത്തിനെയും വിട്ടുപിരിഞ്ഞു നിങ്ങഠം ചേന്നതായ ആ കത്തോലിക്കാ സഭ അത്ഭുതകരമായ ഒന്നുതന്നെയാണെന്നും നിങ്ങഠം അതിൽ തൃപ്തിപ്പെടുകയാണെങ്കിൽ അതു ശരിയായിട്ടുള്ളതാണെന്നും ഞാൻ നിശ്ചയിച്ചു. ഇനി അതിൽ ചേരുകയല്ലാതെ എനിക്കു ഗത്യന്തരമില്ല.” എന്നു പറഞ്ഞു.

ഫാദർ മാട്ടിൻ സന്തുഷ്ടനായി അകത്തു പ്രവേശിച്ചു. അവർ നാലുപേരും അസാധാരണ സന്തോഷത്തോടും സംതൃപ്തിയോടുംകൂടെ പ്രാതൽ കഴിച്ചു.

പിറെറ ദിവസം, തോമ്മസിനെ ജോലിയിൽനിന്നു പിരിച്ചുവിട്ടതു് തെററിദ്ധാരണകൊണ്ടാണെന്നും തോമ്മസ് ഉടനെതന്നെ വന്നു ജോലിയിൽ പ്രവേശിച്ചുകൊള്ളണമെന്നും തോമ്മസിനു് ഒരു കത്തു കിട്ടി. പീഡകളിലും സങ്കടങ്ങളിലും ഈശോയോടു വിശ്വസ്തനായിരുന്ന അയാഠംക്കു കിട്ടിയ പ്രതിഫലം ഇതാണു്. മേരി കത്തോലിക്കാ സഭയിൽ ചേന്നതോടുകൂടി അയാളുടെ സൌഭാഗ്യം സമ്പൂണ്ണമായി.

മിശിഹായുടെ

# കഷ്ടാനുഭവ തിരുശേഷിപ്പുകൾ.

(റവ. ഫാദർ തോമസ് മൂഞ്ഞേലി.)

മക്സെൻസീയൂസ് രാജാവുമായുണ്ടായ യുദ്ധത്തിൽ കൊൺസ്റ്റന്തീനോസു ചക്രവത്തിക്ക് അത്ഭുതാവഹമായ വിജയം സിദ്ധിച്ചതിനാൽ, ദീഘ്നാളായി നടത്തിയിരുന്ന മതപീഡനം അയാൾ നിറുത്തി തൻെറ സാമ്രാജ്യമാസകലം ക്രൈസ്തവ മതം സ്ഥാപിച്ചപ്പോൾ, അദ്ദേഹത്തിൻെറ പുണ്യവതിയായ മാതാവ് വി. ഹെലേന്നാ എണ്പതു വയസ്സു പ്രായമായിരുന്നിട്ടും വിശുദ്ധസ്ഥലം സന്ദശ്നം ചെയ്യുന്നതിനായി പലസ്തീനായിലെക്കു യാത്ര ചെയ്തു. യരുശലേമിൽ എത്തിയപ്പോൾ, നമ്മുടെ കത്താവ് തൂങ്ങി മരണംപ്രാപിച്ച കുരിശു കണ്ടെടുക്കണമെന്നു ആ മഹതിക്ക് ഒരു അഭിലാഷം ജനിച്ചു. സ്ഥലത്തെ ഏതാനും വൃദ്ധബുദ്ധികളുമായി ആലോചിച്ചതിൽ, കത്താവിൻെറ ശവസംസ്കാരസ്ഥലം കണ്ടുപിടിക്കാമെങ്കിൽ അധികം വിദൂരമല്ലാത്ത സ്ഥലത്തു് കുരിശും കാണാൻ സാധിക്കുമെന്നു അവർ അഭിപ്രായപ്പെട്ടു ഹെലേന്നായെ ധൈര്യപ്പെടുത്തി. കൊലപ്പുള്ളികളെ അടക്കുന്ന സ്ഥലത്തു സമീപെയായി അവരുടെ ശിക്ഷോപകരണങ്ങളും കുഴിച്ചു മൂടുന്ന സമ്പ്രദായം യഹൂദന്മാരുടെയിടയിൽ സവ്സാധാരണമായിരുന്നു. ആശാഭരിതയായ വി. ഹെലേന്നാ അടുത്തുള്ള കെട്ടിടങ്ങളെല്ലാം പൊളിച്ചു മാററിച്ചു. ആ കൂട്ടത്തിൽ കത്താവ് സംസ്കരിക്കപ്പെട്ട സ്ഥലത്തു് വീനസ്സ്ദേവന്റെ പ്രതിഷ്ഠ ചെയ്തിട്ടുള്ള ഒരു ക്ഷേത്രവുമുണ്ടായിരുന്നു. അവിടെ ആഴമായി കുഴിച്ചു നോക്കിയപ്പോൾ മിശിഹായുടെ ശവക്കല്ലറ മാത്രമല്ല, മൂന്നു കുരിശുകളും ആണികളും കഷ്ടാനുഭവത്തിൻെറ ഇതര തിരുശിഷ്ടങ്ങളും കാണപ്പെട്ടു.

മൂന്നു കുരിശുകളിലൊന്നു കത്താവ് തൂങ്ങിമരിച്ചതും, മററു രണ്ടെണ്ണം രണ്ടു കള്ളന്മാരുടെതുമായിരിക്കണമെന്നു വ്യക്തമായി. എന്നാൽ അവർ അന്വേഷണം ചെയ്ത കുരിശു ഏതാണെന്നു എങ്ങിനെ നിണ്ണയം ചെയ്യും? ഈ പ്രശ്നത്തിൽ പുണ്യവാ

നായ മക്കാരിയൂസ് മെത്രാൻ ഒരു നിർദ്ദേശം ചെയ്തു. അന്നു മരണാസന്നയായി കിടന്നിരുന്ന മാന്യ വനിതയുടെ അടുക്കൽ മൂന്നു കുരിശുകളും കൊണ്ടുവരണമെന്നും, മനുഷ്യരക്ഷക്കായി ദിവ്യ നാഥൻ തൂങ്ങിമരിച്ച കുരിശു് ഏതാണെന്നു ദൈവം കാണിച്ചുതരാതിരിക്കയില്ലെന്നും അദ്ദേഹം സധൈര്യം പ്രസ്താവിച്ചു. ഇപ്രകാരം മക്കാരിയൂസ് തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിച്ചശേഷം ഓരോ കുരിശും രോഗിണിയെ തൊടുവിച്ചു. മൂന്നാമത്തെ കുരിശു സ്പർശിച്ചമാത്രയിൽ മരണാസന്നയായിരുന്ന വനിത പൂർണ്ണാരോഗ്യത്തോടുകൂടി ദീനശയ്യയിൽനിന്നു എഴുന്നേററു. അത്യാഹ്ലാദഭരിതയായ ഹെലേനാ വി. കുരിശു കണ്ടുപിടിച്ച സ്ഥലത്തു ഒരു മനോഹര ദേവാലയം പണിയിച്ചു് അവിടെ വിലപിടിച്ച ഒരു പെട്ടിയിൽ വി. കുരിശിൻെറ ഒരു ഭാഗം നിക്ഷേപിച്ചു് സൂക്ഷിക്കയും ചെയ്തു. ബാക്കി ഭാഗം അവൾ യൂറോപ്പിൽ കൊണ്ടുപോയി റോമായിൽ നിക്ഷേപിച്ചു. ഇപ്പോൾ വി. കുരിശിൻെറ അംശം കത്തോലിക്കാലോകമൊട്ടുക്കമുള്ള നിരവധി ദേവാലയങ്ങളിൽ സംപൂജ്യമായി സൂക്ഷിച്ചു വണങ്ങി വരുന്നുണ്ടു.

കുരിശിൻെറ പ്രഖ്യാപന പലക. I. N. R. I. യഹൂദന്മാരുടെ രാജാവായ നസ്രായക്കാരൻ ഈശോ എന്ന വാചകത്തിലെ നാലു വാക്കുകളുടെയും ആദ്യത്തെ നാലു ലിപികളാണു I. N. R. I. ഐ എൻ ആർ. ഐ. എന്ന ലേഖനം ചെയ്യപ്പെട്ടിട്ടുള്ള പ്രഖ്യാപന പലക. ഈ തിരുശേഷിപ്പു ഇപ്പോൾ റോമായിലുള്ള "ഓർശലെമിലെ വി. കുരിശു്" എന്ന ബസലിക്കായിൽ സൂക്ഷിച്ചുവരുന്നു.

മുൾമുടി. ഇതു് പാരീസിലുള്ള പ. കന്യക മറിയത്തിൻെറ പള്ളിയിലാണ് ഇരിക്കുന്നതു്. അതിൻെറ മുള്ളുകളെല്ലാം പല പള്ളികളിലേക്കും ദാനം ചെയ്യപ്പെട്ടു. ഈ തിരുശിഷ്ടവും വി. കുരിശിൻെറ അംശവും പ്രതിവർഷം ദുഃഖവെള്ളിയാഴ്ച രാത്രി എട്ടുമണിക്കു പന്ത്രണ്ടു വൈദികന്മാർ വഹിച്ചുകൊണ്ടു അവിടെ ഒരു പ്രദക്ഷിണം നടത്തിവരാറുണ്ടു.

ആണികൾ. ആണികളിലൊന്നു ഒരിക്കൽ അഡ്രിയാററിക്

മഹാസമുദ്രത്തിൽ ഉണ്ടായ വലിയ പിശറ് ശമിപ്പിക്കുന്നതിനായി ഹെലേന്നാ പുണ്യവതി കടലിൽ എറിഞ്ഞുകളഞ്ഞു. രണ്ടാമത്തെ ആണി ലൊമ്പാർഡ്യ് രാജാക്കന്മാരുടെ സുപ്രസിദ്ധ ഇരിമ്പുകിരീടത്തിനായി ഉപയോഗിക്കപ്പെട്ടു. നെപ്പോളിയൻ പ്രഥമൻ തന്റെ കിരീടമഹോത്സവത്തിൽ അതു ഉപയോഗിച്ചിട്ടുണ്ട്. മൂന്നാമത്തെ ആണി പാരീസിലുള്ള പ. കന്യകയുടെ ദേവാലയത്തിൽ സൂക്ഷിച്ചുവരുന്നു.

<u>സ്പോഞ്ച്.</u> നമ്മുടെ കത്താവിന് കൈപ്പുരസം കൊടുക്കുന്നതിനു ഉപയോഗിച്ച ഈ അവശിഷ്ടം ഇപ്പോൾ റോമിലുള്ള വി. ലാററൻ യോഹന്നാന്റെ ബസിലിക്കായിൽ സൂക്ഷിച്ചിട്ടുണ്ട്.

<u>കുന്തം.</u> കുന്തത്തിന്റെ മുന പാരീസിലും ശിഷ്ടഭാഗം റോമിലുമാണുള്ളത്.

<u>മേലങ്കി.</u> ഇതു് ഹെലേന്നാ പുണ്യവതി ജമ്മനിയിൽ ട്രീവസ്സിലെ പള്ളിക്കു ദാനംചെയ്തു. വിശുദ്ധ ഉടുപ്പ് എന്നാണ് ഇപ്പോൾ അതിനു സാധാരണ പേർ പറഞ്ഞുവരുന്നതു്. കഴിഞ്ഞ ജൂബിലി വത്സരത്തിൽ ഈ തിരുശേഷിപ്പ് പൊതുജനവണക്കത്തിനായി പ്രദശിപ്പിച്ചപ്പോൾ ലക്ഷോപലക്ഷം ജനങ്ങൾ വിവിധരാജ്യങ്ങളിൽനിന്നു വന്നു വണങ്ങുകയുണ്ടായി.

<u>തിരുവസ്ത്രം.</u> ഇതു് പാരീസ് പട്ടണത്തിനരികെയുള്ള അർജെന്തയിലെ കന്യകാമഠത്തിലേക്കു കാർളമാൻ ചക്രവത്തി സമ്മാനിച്ചു. പ്രസ്തുത ആശ്രമത്തിലാണ് ചക്രവത്തിയുടെ സഹോദരി ചെന്നു സന്യാസവ്രതം അനുഷ്ഠിച്ചു മരണം പ്രാപിച്ചതു്.

<u>തുണികൾ.</u> കത്താവിന്റെ തിരുശ്ശരീരം ചുററിയിരുന്ന തുണികളിൽ വലിയഭാഗം ട്യൂറിൻ പട്ടണത്തിലുണ്ട്. ശിരസ്സു മൂടിയിരുന്ന തുണി ഫ്രാൻസിലെ കഡോനാ പള്ളിയിലാണുള്ളതു്.

<u>തിരുമുഖത്തിന്റെ ഛായ.</u> വെറോനിക്കാ നമ്മുടെ കത്താവിന്റെ തിരുമുഖം തുടച്ചപ്പോൾ തന്റെ പ്രതിമ പതിഞ്ഞ തുണി റോമായിൽ സൂക്ഷിച്ചുവരുന്നു.

<u>കൽത്തൂൺ.</u> കത്താവിനെ കെട്ടി അടിക്കുന്നതിനു ഉപയോഗിച്ച കൽത്തൂണിന്റെ മേൽഭാഗം റോമായിലും ഇതരഭാഗം യരുശലേമിലുമാണ് സൂക്ഷിക്കപ്പെട്ടുവരുന്നതു്.

# പരിപൂർണ്ണത.

(റവ. ഫാദർ ഫ്രാൻസിസ് സി. ഡി.)

"സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിപ്പിൻ" - നിങ്ങളുടെ വിശുദ്ധി, ഇതാണ് ദൈവതിരുമനസ്സ് - എന്നും മററും വി. ലിഖിതങ്ങളിൽ പലയിടങ്ങളിൽ നാം കാണുന്നുണ്ട്. പുണ്യസമ്പാദനം വഴിയായി പരിപൂർണ്ണതാമാർഗ്ഗത്തിൽ പുരോഗമിച്ച്, നമ്മുടെ സ്രഷ്ടാവും പിതാവുമായ ദൈവത്തോട് നാം സാമീപ്യവും സാരൂപ്യവും തേടി, സായൂജ്യസംപ്രാപ്തിയുണ്ടാകണമെന്നത്രെ പ്രസ്തുത വാക്യങ്ങളുടെ ആന്തരാർത്ഥം. വി. ലിഖിതം എല്ലാ ക്രിസ്ത്യാനികളെയും എന്നല്ലാ, ലോകത്തെ മുഴുവനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഒരു തരവ്യത്യാസം ചെയ്യുന്നില്ല. ആയതിനാൽ ഓരോരുത്തരും, ഏതു ജീവിതസ്ഥിതിക്കാരായിരുന്നാലും, താന്താങ്ങളുടെ പരിതസ്ഥിതികളനുസരിച്ച് പുണ്യപൂർണ്ണതാസമ്പാദനത്തിനായി യത്നിക്കണമെന്നാണ് ദൈവാഭീഷ്ടം. ആയതിനാൽ സന്യാസികൾക്കും വൈദികർക്കുമായി പുണ്യപൂർണ്ണതയെ മാററിവയ്ക്കുന്നവരുടെ ചിന്താഗതി, അഥവാ പ്രവർത്തനരീതി, തികച്ചും അബദ്ധമാണ്. എന്തെന്നാൽ എല്ലാ മനുഷ്യർക്കും പരിപൂർണ്ണതക്കുള്ള ഒരു ഈശ്വരാഹ്വാനം ഉണ്ട്. പരിപൂർണ്ണതയുടെ പദവിക്കു കൂടുതൽ കുറവുണ്ടെന്നുള്ള വ്യത്യാസംമാത്രം.

എന്നാൽ പരിപൂർണ്ണത എന്നുവെച്ചാൽ എന്താണ്? അനിതരസാധാരണമായതോ, സാധാരണ രീതി വിട്ടുള്ളതോ, അഥവാ പ്രത്യേകം വീരപരമായിട്ടുള്ളതോ ആയ ഒരു സ്ഥിതിയെയല്ല പരിപൂർണ്ണതാപദംകൊണ്ടു വി. ലിഖിതം വിവക്ഷിക്കുന്നത്. എല്ലാവർക്കും അനിതരസാധാരണമായോ വീരപരമായോ വല്ലതും ചെയ്യുന്നതിനു സാധിച്ചുവെന്നു വരികയില്ല. സാധാരണയായി പൂർണ്ണമായ ഒരു വസ്തു എന്നു പറയുമ്പോൾ, ഊനം ഇല്ലാത്തതും എല്ലാവിധത്തിലും കുറവില്ലാത്തതും, തികവു വന്നതും, സുസ്ഥിരമായതും, ഭദ്രമായതുമായ ഒന്നിനെയാണ് നാം മനസ്സിലാക്കുന്നത്. പ്രകാരാന്തരേണ പറഞ്ഞാൽ, കുറവില്ലാത്തതും,

അപൂൎണ്ണതക്കു വിപരീതമായതുമായ ഒന്ന്. പരിപൂൎണ്ണമായ ജീവിതം, അഥവാ പരിപൂൎണ്ണനായ മനുഷ്യൻ എന്നു പറയുമ്പോഴും മുൻചൊന്ന വിശേഷണങ്ങൾതന്നെ പ്രയോഗിക്കണം. ആയതിനാൽ ഒരാളുടെ അനുദിനധൎമ്മങ്ങൾ ഊനമില്ലാതെ, നിവ്ഹിക്കുന്ന മനുഷ്യനെ പരിപൂൎണ്ണനെന്നു വിളിക്കാം. സ്വന്ത കടമകൾ പൂൎണ്ണമായി നിറവേറുന്നതിനെക്കാൾ കൂടുതലായ ഒരു പരിപൂൎണ്ണതയെ പരിപൂൎണ്ണതാശബ്ദംകൊണ്ടു വി. ഗ്രന്ഥം നിൎദ്ദേശിക്കുന്നുമില്ല.

പരിപൂൎണ്ണത പ്രാപിക്കുന്നതിനു ആഗ്രഹിക്കുന്നവർ അഥവാ പുണ്യപരിപൂൎണ്ണരാകുന്നതിനു അഭിലഷിക്കുന്നവർ, തങ്ങളുടെ അനുദിനജീവിതത്തിലെ കടമകൾ കുറവില്ലാതെ എന്നു പറഞ്ഞാൽ നന്നായി ചെയ്താൽ മതി എന്നുള്ളതു് ആദ്ധ്യാത്മികശാസ്ത്രജ്ഞന്മാർ ഏകാഭിപ്രായമായി ഉപദേശിക്കുന്ന ഒരു തത്വമാണ്. സുകൃതസമ്പാദനത്തിനുള്ള ഒരു കുറുക്കുവഴിയായിട്ടാണ് അവർ ഇതിനെ പരിഗണിക്കുന്നതു്. കുറുക്കുവഴി എന്നു പറഞ്ഞതുകൊണ്ടു എളുപ്പമെന്നുമാത്രം മനസ്സിലാക്കിയാൽ പോരാ. മറിച്ചു് യുക്തിയുക്തവും സുഗ്രാഹ്യവുമായ ഒരു സുകൃതവിധി എന്ന് അൎത്ഥമാക്കണം.

എന്നാൽ പരിപൂൎണ്ണത പ്രാപിക്കുന്നതിനു അല്ലെങ്കിൽ പ്രവൃത്തികൾ നന്നായി ചെയ്യുന്നതിനു എന്തു ചെയ്യണം? വിശ്വവിഖ്യാതനായ കാർഡിനൽ ന്യൂമാൻ നൽകുന്ന സമാധാനം അനുപദം നൽകിക്കൊള്ളുന്നു. "പ്രഭാതത്തിൽ എഴുന്നേൽക്കുന്നതിനുള്ള സമയമാകയാൽ പിന്നെ കിടക്കയിൽ കിടക്കരുതു്. നിങ്ങളുടെ പ്രഥമ വിചാരം ദൈവത്തിനു സമൎപ്പിക്കുക; വി. കുൎബ്ബാനക്കു ഒരു നല്ല സന്ദൎശനം നടത്തുക; 'കൎത്താവിന്റെ മാലാഖാ' ഭക്തിപൂൎവ്വം ജപിക്കുക; ദൈവസ്തുതിക്കായി ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുക, കൊന്തനമസ്കാരം നന്നായി ചൊല്ലുക; ബോധനിയന്ത്രണം ചെയ്യുക; ജ്ഞാനധ്യാനം നടത്തുക; ദൈനംദിനം ആത്മശോധന ചെയ്യുക."

# പ്രേതാലയം.

(ശ്രീമാൻ ജോസഫ് കല്ലിടുക്കിൽ, മുട്ടം.)

ഇക്കഴിഞ്ഞ മെയ് ൩൧-ാം തീയതിയുണ്ടായ ഭയങ്കരമായ ഭൂകമ്പത്താൽ നശിച്ചുപോയ ഒരു പട്ടണമാകുന്നു ബെലൂചിസ്ഥാനിന്റെ തലസ്ഥാനമായ ക്വെററാ. പ്രേതാലയം എന്ന പേരിനെ അർഹിക്കത്തക്കവിധം ഈ ഭൂകമ്പംമൂലം പ്രസ്തുത പട്ടണവാസികൾ ഭൂരിഭാഗവും അന്തരിച്ചുപോയി. ഏതാണ്ട് അൻപത്താറായിരത്തിലധികം ജനങ്ങൾ പൊടുന്നനേ മരിച്ചുപോകുകയും അനേകായിരംപേർ കെട്ടിടങ്ങൾ വീണും മണ്ണിനടിയിൽ പെട്ടും മററുമായി അല്പജീവനായി ശേഷിക്കുകയും ചെയ്തിരിക്കുന്നുവത്രേ!

"ക്വെററാ" ഒരു നല്ല സുഖവാസസ്ഥലവും അവിടെ താമസക്കാരായ യൂറോപ്യന്മാരുടെ പരിശ്രമത്താലും മററും മനോമോഹനമാക്കപ്പെട്ട ഒരു പട്ടണവുമായിരുന്നു. മേയ്, ജൂൺ മുതലായ മാസങ്ങളിലാണ് അവിടം കൂടുതൽ ജനബഹുലമായിരിക്കുന്നത്. ഒരു സുഖവാസകാലത്ത് രാത്രി പന്ത്രണ്ടുമണി കഴിഞ്ഞപ്പോളുണ്ടായ ഈ അത്യാഹിതത്തെപ്പററി ആർക്കെങ്കിലും എന്തെങ്കിലും മുന്നറിവുണ്ടായിരുന്നോ? ഇല്ലാ; ആ മനോഹരമായ പട്ടണത്തിൽനിന്ന് തങ്ങൾ ആ രാത്രി വേർപെടുത്തപ്പെടുമെന്നോ, അടുത്ത സൂര്യോദയം ദർശിക്കുവാൻ തങ്ങൾക്കു സാധിക്കുകയില്ലെന്നോ ഉള്ളതിനെപ്പററി ആ മൃതരായ അൻപത്താറായിരത്തിൽ ആരും അറിഞ്ഞിരുന്നില്ല. അന്നു തങ്ങളുടെ മരണത്തിന്റെ രാത്രി, ഐഹിക ജീവിതത്തിന്റെ അവസാനം; നിത്യത്വത്തിന്റെ ആരംഭം, സമ്പാദ്യത്തിനർഹമായ സമ്മാനം വാങ്ങിക്കുവാനുള്ള യാത്ര എന്ന് ആ മൃതരിൽ ആരും അറിഞ്ഞിരുന്നില്ലല്ലോ? കഴിഞ്ഞുപോയിട്ടുള്ളതുപോലുള്ള ഒരു രാത്രിതന്നെ ഇതും എന്നവർ വിചാരിച്ചു. ഹാ! എത്ര അപ്രതീക്ഷിതമായ ഒരു സംഭവം! എത്ര മർമ്മഭേദകമായ ഒരു വാർത്ത!! ഇതുപോലൊരു ഭയങ്കര സംഭവം ഇൻഡ്യയിൽ ഇതിനുമുമ്പുണ്ടായിട്ടില്ലത്രേ!

ഇങ്ങിനെ നാമാവിശേഷമായ ആ പട്ടണത്തിന്റെ പുന

ദ്ധാരണത്തിനവേണ്ടി ഇപ്പോഠ പല ശ്രമങ്ങളും നടക്കുന്നുണ്ട്. പലരും 'ഭൂകമ്പ ദുരിത നിവാരണഫണ്ടു'കഠ ഏപ്പെടുത്തുകയും വിദേശത്തുനിന്നും സ്വദേശത്തുനിന്നുമായി ഇതിലേക്കു ധാരാളം സംഭാവനകഠ പിരിഞ്ഞുകിട്ടുകയും ചെയ്യുന്നുണ്ട്. പട്ടണം അകന്ന ഒരു ഭാവിയിലെങ്കിലും മനുഷ്യപ്രയത്നത്താൽ പുനരുദ്ധരിക്കപ്പെട്ടുമെന്നു സമാശ്വസിക്കാം. എന്നാൽ ഈ അത്യാഹിതത്താൽ മൃതരായ അനേകായിരങ്ങളുടെ ജീവനോ? ആരെല്ലാംകൂടി എന്തെല്ലാം ഉദ്ധാരണശ്രമങ്ങഠ നടത്തിയാലും ആ പരേതർ എന്നും പരേതർതന്നെ. ഇതു് ഒരു ടിട്ടാനിക്കുകപ്പലപകടത്തേക്കാളും നമുക്കു ചിന്താവിഷയമാകേണ്ടതുതന്നെ. പ്രസ്തുത കപ്പലപകടം അറുന്നൂറിൽ പരം മനുഷ്യരുടെ ജീവനാശമേ വരുത്തിയിട്ടുള്ളുവെങ്കിൽ കൊററാഭൂകമ്പം അൻപത്താറായിരത്തിൽപരം മനുഷ്യസഹോദരങ്ങളെയാകുന്നു യമപുരിക്കയച്ചിട്ടുള്ളതു്!

ജീവിച്ചിരിക്കുന്നവരുടെ കൂടുതൽ നന്മക്കുവേണ്ടി ഓരോ കാലങ്ങളിലും ഓരോ സ്ഥലങ്ങളിലും ദൈവം ഈദൃശങ്ങളായ പല ശിക്ഷകളെയും ലോകത്തിലേക്കു് അനുവദിക്കാറുണ്ടു്. ഇതുകഠ ജീവിച്ചിരിക്കുന്നവരുടെ നന്മക്കു് കാരണമാകുന്നതെങ്ങിനെയെന്നു ഉടനെ നമുക്കു മനസ്സിലായില്ലെന്നു വരാം. അപരിമിതനായ ദൈവത്തിൻെറ വഴികഠ പരിമിതമായ മനുഷ്യബുദ്ധികൊണ്ടു മനസ്സിലാക്കുക അശക്യംതന്നെ.

തിന്മ വദ്ധിക്കുമ്പോഠ ലോകത്തിൽ ഇങ്ങിനെയുള്ള ശിക്ഷകഠ ഉണ്ടാകാറുണ്ടെന്നു കേട്ടിട്ടുണ്ടു. ഇൻഡ്യയിൽ ഇത്ര ഭയങ്കരമായ ഒരു സംഭവം ഇതിനു മുൻപുണ്ടായിട്ടില്ലെന്നുള്ളതനുസ്മരിച്ചാൽ അതിൻെറ ആധുനിക നില വളരെ പരിതാപകരമെന്നല്ലയോ അനുമാനിക്കേണ്ടതു്?

അല്പസമയംകൊണ്ടു് അൻപത്താറായിരത്തിലധികം മനുഷ്യക്കു് ജീവനാശം വന്നുവെന്നുള്ള ഭയങ്കരാവസ്ഥയെപ്പററി ചിന്തിക്കുന്ന ഒരാളിനു തൻെറ ആദ്ധ്യാത്മികസ്ഥിതിയേയും ജീവിതാന്ത്യത്തേയുംപററി ഒരു ബോധമുണ്ടാകാതിരിക്കുന്നതെങ്ങി

ന്നെ? ഇങ്ങിനെ ഈ സംഭവം, ജീവിച്ചിരിക്കുന്ന അനേകലക്ഷങ്ങളുടെ ആത്മികോൽക്കൎഷത്തിന് പൎയ്യാപ്തമാകുവാനും പാടുണ്ട്.

ഈ അത്യാഹിതത്താൽ അസ്വാസ്ഥതയനുഭവിക്കുന്ന ആ പട്ടണത്തിനുവേണ്ടി ജീവിച്ചിരിക്കുന്നവർ എന്താണു ചെയ്യുന്നതെന്നും ഈദൃശസംഭവങ്ങളെ നാം എങ്ങിനെയാണ് വീക്ഷിക്കുന്നതെന്നും പരീക്ഷിക്കുന്നതിനായിട്ടും ഇങ്ങിനെയൊരു ശിക്ഷയെ ദൈവം അനുവദിച്ചിരിക്കാം.

ഇങ്ങിനെ നമുക്കൊരു ചിന്താവിഷയവും പല നല്ല പാഠങ്ങൾ പഠിക്കുവാൻ പൎയ്യാപ്തവുമാകുന്നതിനുവേണ്ടി നല്ല പിതാവായ ദൈവം നമ്മുടെ കൺമുമ്പിൽ കാണിച്ചുതന്നിരിക്കുന്ന ഈ സംഭവത്തിൽനിന്നും നാം പലതും പഠിക്കേണ്ടതുണ്ട്. അതിനാൽ നാം കൂടുതൽ ദൈവഭക്തരും അവിടുത്തെ തിരുമനസ്സിനു വിധേയരും ആയിത്തീരുക. ഇങ്ങിനെയുള്ള ശിക്ഷകളിൽ ഉൾപ്പെടുത്താതെ നമ്മെ കാത്തതിൽ നാം അവിടത്തോടു കൃതജ്ഞത പ്രദൎശിപ്പിക്കുകയും, ഏതാദൃശങ്ങളായ ശിക്ഷകളെ അർഹിക്കത്തക്കവിധം നമ്മുടെ നാട് മ്ലാനമാകാതിരിപ്പാൻ പ്രാൎത്ഥിക്കുകയും വേണം.

മേൽപറഞ്ഞ പട്ടണത്തെ പണംകൊണ്ടും പ്രാൎത്ഥനകൊണ്ടും പാടുപോലെ നമുക്കു സഹായിക്കാം. ഏററം പരിതാപകരമായിത്തീൎന്നിരിക്കുന്ന ആ പട്ടണത്തിന്റേയും അതിലെ ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ ബഹുസഹസ്രം ജനങ്ങളുടേയും സമാധാനവൎദ്ധിക്കായും നാം തീക്ഷ്ണതാപൂൎവ്വം പ്രാൎത്ഥിക്കണം. മാത്രമല്ലാ നമ്മുടെ ജീവിതത്തിലെ വലിയ ഒരു ധ്യാനവിഷയവുമായിരിക്കണം ഈ "പ്രേതാലയം."

---

കഴിഞ്ഞ ജൂലായി 22 ആഗസ്റ്റ് 1, 5 എന്നീ തീയതികളിൽ കൊററയിൽ വീണ്ടും അതികഠിനതരങ്ങളായ മൂന്നു ഭൂകമ്പങ്ങൾ അനുഭവപ്പെട്ടിരിക്കുന്നു. വൈസ്രോയിയുടെ ഭൂകമ്പദുരിതനിവാരണ ഫണ്ടിലേയ്ക്കു ഇതുവരെ 33, 00, 012 ക 13 ണ 7 പൈ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

# പുസ്തകാഭിപ്രായം.

൧. വി വിൻസെൻറ് ഡി പോൾ. ഗ്രന്ഥകർത്താ: ഫാദർ ആൻറണി പവ്വത്തിൽ. മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം. വില അണ ൪.

വിശ്വവിശ്രുതനായ വിശുദ്ധ വിൻസൻറ് ഡി പോളിനെപ്പററി കേൾക്കാത്തവർ ആരും എങ്ങും തന്നെ ഉണ്ടായിരിക്കയില്ലല്ലോ. ഈ പുണ്യപുരുഷൻെറ മഹത്തരങ്ങളായ ജീവചരിത്രങ്ങൾ ഏതുരാജ്യത്തിലും ഏതുഭാഷയിലും ധാരാളമായി പ്രചരിച്ചുകഴിഞ്ഞിട്ടും മലയാളികളായ നമ്മൾക്ക് അവയെ ആസ്വദിക്കാനുള്ള ഭാഗ്യം ഇതേവരെ ഉണ്ടായിട്ടില്ല. ഈ ന്യൂനതയെ പരിഹരിക്കുവാനായി തോട്ടകം വിൻസെൻഷ്യൻ ആശ്രമത്തിലെ ഒരംഗമായ റവ. ഫാദർ ആൻറണി പവ്വത്തിൽ പ്രസിദ്ധ സാഹിത്യകാരനായ ഹെൻറി ബെഡ്ഫോഡിൻെറ ഒരു കൃതിയെ അടിസ്ഥാനപ്പെടുത്തി എഴുതിയിട്ടുള്ളതാണ് ഈ ജീവചരിത്രം. കത്തോലിക്കാ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മാർഗ്ഗദർശിയായ ഈ വിശുദ്ധനെ അനുകരിക്കുവാൻ എല്ലാവരും യഥാശക്തി പരിശ്രമിക്കേണ്ടതാണ്. അതിനാൽ കേരളീയരുടെയിടയിൽ ഈ പുസ്തകത്തിനു പ്രചുരപ്രചാരമുണ്ടാകുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

൨. പാദുവായിലെ മറിയം. ഗ്രന്ഥകർത്ത്രി: എലിസബെത്ത് ഉഴുപ്പ് ബി എ മാർ ളൂയിസു മെമ്മോറിയൽ പ്രസ്സ്, എറണാകുളം. വില അണ ൩

നമ്മുടെ സമകാലീനയായ ഒരു ബാലികയുടെ ജീവചരിത്രമാണ് ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നത്. ദാരുണമായ കഷ്ടതകൾ ക്ഷമാപൂർവ്വം സഹിച്ച് യൌവനപ്രായത്തിൽ എത്തുന്നതിനുമുമ്പു തന്നെ ദിവംഗതയായ മറിയത്തിൻെറ ജീവചരിത്രം ബാലവിദ്യാർത്ഥികൾക്കു തികച്ചും പ്രയോജകീഭവിക്കുമെന്നുള്ളതിനു രണ്ടു പക്ഷമില്ല. ബാലപരിചരണത്തിൽ മാതാപിതാക്കന്മാർ സ്വീകരിക്കേണ്ട പദ്ധതിയെന്തെന്നു് കഥാനായികയുടെ മാതാപിതാക്കന്മാർ നമുക്കു മാതൃക നൽകുന്നു. സുലളിതമായ ഭാഷയിൽ വിരചിതമായ ഈ പുസ്തകം കുടുംബങ്ങളിലെ അനുദിനപാരായണത്തിനു ഉപയോഗപ്പെടുത്തേണ്ടതാണ്.

# അങ്കോലം.

(Alangium Lamarckii.)

ഇതിന് അഴിഞ്ഞിൽ, ചെമ്മരം എന്നൊക്കെ പേരുകൾ കാണുന്നുണ്ട്. ഇതു് മുള്ളുള്ള ഒരു വൃക്ഷമാണ്. ഇതിന്റെ തടി ഉറപ്പും മിനുസവുമുള്ളതാകുന്നു. ഇതിലുള്ള കായ്കളിൽ ചിലതിനു ദിവ്യശക്തിയുണ്ടെന്നും അവ താഴെ വീണാൽ ഉടൻ മുന്നേപ്പോലെ ഞെട്ടിൽ ചെന്നുപററിക്കൊള്ളുമെന്നും ഉള്ള സംഗതി സുപ്രസിദ്ധമാകുന്നു. ഈവക കായ്കളെ തിരിഞ്ഞുപിടിച്ചു കൈവശമാക്കി അവയിൽനിന്നു തൈലം എടുത്താൽ അതു കൊണ്ടു പല പ്രയോഗങ്ങൾ ഫലവത്തുകളാകും എന്നു മന്ത്രവാദികൾ ഘോഷിക്കുന്നു. ഈ വൃക്ഷത്തിന്റെ ചുവട്ടിൽ ചാമ്പൽ (വെണ്ണീറ്) പരത്തിയാൽ ദിവ്യശക്തിയുള്ള കായ്കളെ കണ്ടുപിടിക്കാൻ എളുപ്പമുണ്ടുപോലും. അതിന്റെ പഴം തിന്നാൻ കൊള്ളാം. കുരുവിൽ നിന്നെടുക്കുന്ന എണ്ണ സേവിക്കുമ്പോൾ അപകടം വരാതിരിപ്പാൻ സൂക്ഷിക്കേണ്ടതാകുന്നു; അധികമായാൽ ഛർദ്ദിയുണ്ടാകും.

ഇതിന്റെ വേരു, തൊലി, കുരു, ഇല മുതലായവ ഔഷധത്തിനു ഉപയോഗിച്ചുവരുന്നു. ഇതിനു ഇപ്പെക്കാക്കുനാ (Epeca-cuanha) എന്ന ഇംഗ്ലീഷ്മരുന്നിന്റെ എല്ലാ ഗുണങ്ങളുമുണ്ട്. എന്നാൽ രക്താതിസാരത്തിനുമാത്രം ഇതു കൊടുക്കാൻ പാടില്ല. ഇതിന്റെ വേരിന്മേൽ തൊലി ചൂർണ്ണമാക്കി ഇപ്പെക്കാക്കുനാക്ക് പകരം ൨ മുതൽ ൫ ഗ്രെയിൻവരെ സേവിക്കാവുന്നതാണ്. ജ്വരദോഷം, പനി, നിലങ്കാരിച്ചുമ, ഏങ്ങൽ മുതലായവയുടെ ആരംഭത്തിൽ ഇതു ഉപയോഗിച്ചുവരുന്നു. കുഷ്ഠം, ഫിരംഗം, മുതലായ ത്വഗ്രോഗങ്ങളിലും ഇതിനു ശക്തിയുണ്ട്. ഇതിന്റെ ഇല എണ്ണയിൽ വാട്ടി കിഴിവെച്ചാൽ വാതവീക്കം വേദന മുതലായവക്കു ശമനമുണ്ടാകും.

അങ്കോലത്തിൻ വേരു കഷായംവെച്ചു തേൻ മേമ്പൊടി ചേർത്തു സേവിക്കയൊ, മലങ്കടമ്പിന്റെ വേരു അങ്കോലത്തിൻ വേരു ഇവ സമം കഷായംവെച്ചു പഴയ നെയ്യ് മേമ്പൊടിചേർത്തു പ്രതിദിനം ൨ പ്രാവശ്യം ഒരു ആഴ്ചത്തേക്കു സേവിക്കയോ ചെയ്താൽ പേപ്പട്ടിവിഷം ശമിക്കുന്നതാണെന്നും രണ്ടാമതു പറഞ്ഞ കഷായം മൂർഖൻപാമ്പു എലി മുതലായവയുടെ വിഷത്തേയും ശമിപ്പിക്കുമെന്നും കാണുന്നു.

# ഉപകാരോപഹാരം.

(യുവജനമിത്രം.)

നമ്മുടെ യുവലോകത്തിൻെറ ആദ്ധ്യാത്മികവും സന്മാർഗ്ഗപരവുമായ അഭിവൃദ്ധിക്കൊപ്പംതന്നെ സാമ്പത്തികവശവും കഴിയുംവിധം പരിഷ്കൃതമാക്കേണ്ടതാണല്ലോ. ക്ഷാമവും തൊഴിൽ ഇല്ലായ്മയും വർദ്ധിച്ചുവർത്തിക്കുന്ന ഇക്കാലത്തു് നിവൃത്തിയുള്ളപക്ഷം പരിശീലിക്കാവുന്ന പ്രവൃത്തികൾ വളരെയുണ്ടു്. നല്ല മനസ്സും പരിശ്രമശീലവും ഉള്ളവക്കെല്ലാം അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യാം.

ഏററവും ഉപകാരപ്രദങ്ങളായ തൊഴിലുകളെയും ആദായഹേതുകങ്ങളായ ഏപ്പാടുകളെയുംപററി പ്രതിമാസം "കുടുംബദീപ"ത്തിൽ ചേപ്പാനുദ്ദേശിക്കുന്ന വിവരങ്ങളുടെയും കുറിപ്പുകളുടെയും പ്രഥമഭാഗമാണ് 'ഉപകാരോപഹാര'മെന്ന പേരിൽ ചുവടെ കുറിക്കുന്നതു്. വായനക്കാർക്കുപകാരപ്രദവും രസാവഹവുമാകുമെന്നു വിശ്വസിക്കുന്നു.

ഫലിതചിത്രനിർമ്മാണം അഥവാ കാർട്ടൂൺ പെയിൻറിംഗ് (Cartoon Painting) ഏററവും ആദായകരമായ ഒരു തൊഴിൽ ആണു്. ഏതവക്കും പഠിക്കുവാൻ വളരെ എളുപ്പമുള്ള വിദ്യയാണിതു്. പരമാവധി വന്നു ദിവസംകൊണ്ടു ഈ വിഷയം പൂത്തിയാക്കിട്ടഭ്യസിക്കാം. നമ്മുടെ കേരളത്തിൽ എന്നുമാത്രമല്ല ഇന്ത്യയിൽപോലും തൃപ്തികരമായ ഒരു കാർട്ടൂൺ വരക്കുവാൻ ഇന്നും പ്രാപ്തി സമ്പാദിച്ചവർ ഉണ്ടായിക്കഴിഞ്ഞിട്ടില്ല. തന്മൂലം അമേരിക്കാ, ജമ്മനി മുതലായ രാജ്യക്കാരെക്കൊണ്ടാണ് ഈ കാര്യത്തിൽ ഇന്ത്യക്കാർ കഴിഞ്ഞുകൂടുന്നതു്. സിനിമാ ചിത്രങ്ങളെപ്പോലെതന്നെ സന്മാർഗ്ഗവിരുദ്ധങ്ങളായവ ഫലിതചിത്രങ്ങളുടെ കൂട്ടത്തിലുമുണ്ടു്. അവയുടെ സത്വം വെടിയുന്നതിനും ഈ വിഷയം അഭ്യസിച്ചിരിക്കേണ്ടതത്യാവശ്യമാകുന്നു.

തൊഴിൽ ഇല്ലാത്തവക്കു വളരെ ഉപകാരപ്രദമാണ് ഈ ഏപ്പാടു്. തൊഴിലൊന്നുംകൂടാതെ തെണ്ടിനടന്നിരുന്നവരായ അഞ്ചാറുപേരെ ഉദാഹരണമായി ഞാൻ താഴെ വിവരിക്കാം. ഫലിതചിത്രനിർമ്മാണം അഭ്യസിച്ചശേഷം പ്രതിവാരം അവർ

ഓരോരുത്തരും സമ്പാദിക്കുന്നതിന്റെ കണക്കു കാണുമ്പോൾ നമുക്കു അത്യത്ഭുതം തോന്നും. എന്നാൽ സംഗതി എത്രയും പരമാൎത്ഥമാണെന്നു വിശ്വസനീയങ്ങളായ തെളിവുകൾ കിട്ടിക്കഴിഞ്ഞിരിക്കുന്നു.

| ചിത്രകാരന്റെ പേർ | ചിത്രത്തിന്റെ പേർ | ആഴ്ചതോറും സമ്പാദ്യം. |
|---|---|---|
| 1. റോബട്ട് എൽ. റിപ്ലി Robert L. Ripley | "Believe it or not" | 7,000 ഡോളർ |
| 2. സിഡ്നിസ്മിത്ത് Sidney Smith | "The Gumps" | 3,000 ,, |
| 3. ബഡ് ഫിഷർ Bud Fisher | "Mutt & Jeff" | 1,800 ,, |
| 4. ജോർജ്ജ് മെക്‌മാനസ് George McManus | "Bringing up Father" | 1,800 ,, |
| 5. ഫൊണ്ടെയിനെഫോക്സ് Fontaine Fox | "Toonerville Topics" | 1,500 ,, |
| 6. സോൽഹെസ് Sol Hess | "The Nebbs" | 1,200 ,, |

ഇങ്ങനെ പറവാൻ തുടങ്ങിയാൽ അനവധിയുണ്ടാകും. നമുക്കും ഈ വിഷയത്തിൽ പരിശ്രമിച്ചാൽ വിജയം സുനിശ്ചയമാണ്. ആശയങ്ങൾക്കു കേരളീയരെ ജയിപ്പാൻ അധികം പേരുണ്ടാകയില്ല.

ഇനി ഈ വിഷയം പഠിപ്പാൻ മനസ്സും താല്പൎയ്യവുമുള്ളവൎക്കു ഈ കാൎയ്യം എവിടെനിന്നു കയ്യിലാക്കാമെന്നാണറിയേണ്ടതു്. എന്തു ചെലവു ചെയ്യേണ്ടിവരുമെന്നും അറിയണം. ഈവകയ്ക്കൊന്നും യാതൊരു പ്രയാസവുമില്ല. പഠിക്കാൻ ആഗ്രഹിക്കുന്നവർ ൧ അണ മാത്രം തപ്പാൽസ്റ്റാമ്പായിട്ടു അടക്കംചെയ്തു താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ കാൎയ്യം സാധിക്കുമെന്നാണറിവു്. ൧൯൩൫ സെപ്റ്റമ്പർ ൩൦-ാം തീയതി വരെ മാത്രമേ അപേക്ഷകൾ സ്വീകരിക്കയുള്ളു എന്നാണു് തോന്നുന്നതു്. കത്തോലിക്കൎക്കു മുൻഗണനയുണ്ടായിരിക്കും. മേൽവിലാസം:- ('വിജയപ്രോഫിററ് സൎക്കിൾ'—പഴ; P. O. പെരിങ്ങോട്ടുകര, S. India.) അഭ്യസനകാൎയ്യത്തിൽ പ്രസ്തുത

സെപ്റ്റമ്പർ മാസത്തെ

# പൊതുനിയോഗം.

## കത്തോലിക്ക മുദ്രാലയങ്ങൾ.

"നിങ്ങൾ ദേവാലയങ്ങളൊ വിദ്യാലയങ്ങളൊ സ്ഥാപിച്ചാലും ധ്യാനപ്രസംഗങ്ങൾ നടത്തിയാലും പ്രതിയോഗികളുടെ ആക്രമണങ്ങളെ തടയുന്നതിനും അവരോടെതിർത്തു പോരാടുന്നതിനുമായി കത്തോലിക്ക പ്രസിദ്ധീകരണമെന്ന ആയുധം നിങ്ങളുടെ പക്കൽ ഇല്ലെങ്കിൽ നിങ്ങളുടെ സകല വേലകളും സകല പരിശ്രമങ്ങളും നാശോന്മുഖമായി, നിഷ്ഫലമായി പരിണമിക്കുകയേയുള്ളു." എന്ന പരിശുദ്ധ പിതാവിൻെറ വാക്കുകൾ ഒരിക്കലും വിസ്മരിച്ചുകൂടാ. വേറൊരുവിധത്തിൽ നോക്കിയാലും നമുക്കു കത്തോലിക്ക പ്രസിദ്ധീകരണങ്ങൾ അത്യാവശ്യമാണ്. അതു് നമ്മുടെ സ്വയം രക്ഷയെ ഉദ്ദേശിച്ചാണ്. കർദ്ദിനാൾ പൈ പറയുന്നതിനെ ശ്രദ്ധിച്ചാലും: "അധികാരികളോടു വളരെ അനുസരണയും ഏററവും മതപ്രതിപത്തിയുമുള്ളവർപോലും ചീത്തപത്രങ്ങൾ വായിക്കുന്നതായാൽ മുപ്പതു വർഷത്തിനുശേഷം അവിശ്വാസികളും മതദ്രോഹികളും ആയിത്തീരുന്നതാണ്. മനുഷ്യസാധാരണമായ വിധത്തിൽ പറകയാണെങ്കിൽ യാതൊരു പ്രസംഗത്തിനും ഒരു ദുഷിച്ച മുദ്രാലയത്തോടു കിടപിടിക്കാൻ സാധിക്കയില്ല." അതുകൊണ്ടു തിരുഹൃദയസഭക്കാർ കത്തോലിക്ക മുദ്രാലയങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ഈ മാസത്തിൽ സവിശേഷം പ്രാർത്ഥിക്കേണ്ടതാണ്.

---

സ്ഥാപനക്കാർ പ്രതിഫലം യാതൊന്നും വാങ്ങുകയുമില്ല. പരിശീലിക്കുമ്പോൾ വരച്ചുണ്ടാക്കപ്പെടുന്ന പരുക്കൻ ചിത്രങ്ങൾക്കുപോലും വിലകിട്ടുമെന്നു കേൾക്കുന്നു. അതുകൊണ്ടു നമ്മുടെ യുവാക്കൾ ഈ വിഷയത്തിൽ ശ്രദ്ധിക്കുന്നതു നന്നായിരിക്കും. അടുത്ത പ്രാവശ്യം വാസനാദ്രവ്യങ്ങൾ ഉണ്ടാക്കുന്നവിധത്തേപ്പററി എഴുതുന്നതാണ്.

# കുറിപ്പുകൾ.

പരി. പിതാവു തിരുമനസ്സുകൊണ്ടു പരിവാരസമേതം തൻെറ വേനൽക്കാല വസതിയായ കാസ്റ്റൽ ഗൊൺഡോൽഫോയിലേക്കു എഴുന്നെള്ളിയിരിക്കുന്നു. പതിവുപോലെ അവിടെവെച്ചു തിരുമനസ്സുകൊണ്ടു സന്ദർശനം അനുവദിക്കുന്നതാണ്. നവദമ്പതിമാർക്കു കാസ്റ്റൽ ഗൊൺഡോൽഫോയിലേക്കു പ്രത്യേക ഗതാഗത സൌകൎയ്യങ്ങൾ ഏൎപ്പാടു ചെയ്തിട്ടുണ്ടു്. സെപ്റ്റംബർ മാസാവസാനംവരെ പ. പിതാവു അവിടെ താമസിക്കുന്നതാണ്.

കഴിഞ്ഞ മാസത്തിൽ ലൂർദ്ദ് സന്ദർശിച്ച സ്കോട്ട്ലണ്ടിലെ ദേശീയ തീൎത്ഥകസംഘത്തിൽപ്പെട്ട രണ്ടുപേൎക്ക് അത്ഭുതകരമായ രോഗശാന്തി ലഭിച്ചിരിക്കുന്നു. ഇവരിൽ സിസ്റ്റർ സെയിൻറു മാൎഗ്ഗരിററിൻെറ രോഗശാന്തി ഒന്നാംതരത്തിൽപെട്ട ഒരു അത്ഭുതമാണെന്നു ലൂർദ്ദ് മെഡിക്കൽബ്യൂറൊ സാക്ഷിപ്പെടുത്തിയിരിക്കുന്നു. അപരൻ മി. പാട്രിക് ഗല്ലാഗർ പതിന്നാലുകൊല്ലമായി അന്ധനായിരുന്നു. എന്നാൽ ലൂർദ്ദ് സന്ദൎശനാനന്തരം അയാൾക്കു കാഴ്ച ലഭിച്ചിരിക്കുന്നു.

ന്യൂഡെൽഹിയിൽ സ്ഥാപിതമായ ഈശോയുടെ തിരുഹൃദയത്തിൻെറ ദേശീയ സ്മാരകദേവാലയത്തിൻെറ പണി ഉടനെ പൂൎത്തിയാകുന്നതും ഒക്ടോബർ ൨൬-ാം തീയതി അതിൻെറ ഉൽഘാടനം നിൎവ്വഹിക്കപ്പെടുന്നതുമാണ്.

മി. സി. കേശവൻെറ പേരിലുള്ള കേസിൻെറ വിധി പ്രസ്താവിച്ചിരിക്കുന്നു. പ്രതിഷ്ഠാപിത ഗവമ്മെൻറിന് എതിരായി ജനങ്ങളെ പ്രേരിപ്പിക്കുന്നതിനു പ്രതിക്കു ഉദ്ദേശമുണ്ടെന്നു അദ്ദേഹത്തിൻെറ പ്രസംഗത്തിൽനിന്നു തെളിയുന്നുണ്ടെന്നാണ് ജഡ്ജി കണ്ടിരിക്കുന്നതു്. അതിനാൽ ഒരു കൊല്ലത്തെ വെറും തടവും ൫൦൦ ക. യുമാണ് ശിക്ഷ നൽകിയിരിക്കുന്നതു്. പിഴ ഒടുക്കാതിരുന്നാൽ ആറു മാസത്തെ തടവുകൂടെ അനുഭവിക്കണം. മി. കേശവൻെറ അപ്പീൽ ആഗസ്റ്റ് ൧൯-ാം തീയതി ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ടു്. മി. കേശവനെ ചീഫ് ജസ്റ്റീസ് ജാമ്യത്തിൽ വിട്ടിരിക്കുന്നു.

തിരുവിതാംകൂർ മഹാരാജാവിൻെറ നിയമോപദേഷ്ടാവായ സർ സി. പി. രാമസ്വാമി അയ്യർ തൽസ്ഥാനം രാജിവച്ചിരിക്കുന്നു. ഈ രാജി നിമിത്തം തിരുവിതാംകൂർ ഗവമ്മെണ്ടിനു പ്രതിവർഷം ൪൮,൦൦൦ ക. ശമ്പളംവകയിൽ ആദായം ഉണ്ടാകുന്നതാണ്.

സമസ്തതിരുവിതാംകൂർ സംയുക്തരാഷ്ട്രീയകമ്മററിയുടെ ഒരു അ

ടിഷന്തിരയോഗം ആഗസ്റ്റ് ൧൯-ാംനു- തിരുവനന്തപുരത്തുവച്ചു കൂട്ടകയും, ആലോചനകളുടെയും വാദപ്രതിവാദങ്ങളുടെയും ശേഷം പ്രക്ഷോഭണം അവസാനിപ്പിച്ചിരിക്കുന്നതായും, മേലാൽ ഗവർമെൻറിനോടു സഹകരിക്കുവാൻ ഉച്ചരിക്കുന്നതായും ഒരു പ്രസ്താവന പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ക്രിസ്തീയ പരിപൂർണ്ണത (ഒന്നാം പുസ്തകം), പാല്യധാരണ സ്മാരകം, മുതലായ പുസ്തകങ്ങൾ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. അഭിപ്രായം അടുത്തതിൽ.

തേവര പള്ളി എടവക കണിയാത്തു ഫ്രാൻസിസ് റിബെയിരാ അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു ഇക്കഴിഞ്ഞ ആഗസ്റ്റ്മാസം 11-ാം തിയതി തന്റെ 25-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. പരേതന്റെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാരാകണം. R. I. P.

ഉപകാരസ്മരണ.

വേദസാക്ഷിയായ വി. ജസ്റ്റസിന്റെ മാദ്ധ്യസ്ഥം വഴിയായി ഉദ്ദിഷ്ട കാര്യം സാധിച്ചതിനു ഉപകാരസ്മരണ. ക. ൧.

ജെ. ലോറൻസ് ആൽവിൻ, കല്ലായി.

---

# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

**യോഗേശ ചന്ദ്രഘോസ്, എം. എ., എഫ്. സി. എസ്.**

ആയുർവേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാർക്ക് വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

മകരധ്വജ (സ്വർണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വർദ്ധിപ്പിച്ചു ജീവിതം സന്തോഷമുള്ളതാക്കി തീർക്കുന്നു.

ഒരു രൂപാത്തൂക്കത്തിന് ക. ൪.

ശാരിബാദിസരസം. ഇത് ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണ. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദുഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്. ഒരുസേറിനു ക. ൨.

സുഖരസഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ൧൬

അബലബാന്ധവയോഗം:- ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആർത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൬. തവണ സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിനു ക. [illegible].

# പ്രസിദ്ധ ഔഷധങ്ങൾ.




## Malariana മലേറിയാനാ.

ഈ കീൎത്തിപെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻ പനി. മുറപ്പനി മുതലായ എല്ലാവിധ പനികളെ മാററുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കിക്കളഞ്ഞു സമ്പൂൎണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിനു ഇതു് ഒരു പ്രസിദ്ധ ഔഷധമാണെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിനു 1 ക. 8 ണ; 1 ഡജനു 16 ക. 8 ണ; 4 ഔൺസിനു 14 ണ; 1 ഡജനു 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങു, കുരു, വ്രണം, വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സൎവ്വപീഡകളെയും ഗുണപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സ്വൎണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ്പ് സർസ്സ അമോഗ. വില 8 ഔൺസിനു 3 ക. 8 ണ. ചെറിയ കുപ്പി 1 ക്കു 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ജീൎണ്ണകോശക്രമക്കേട്ടു കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിനു 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിനു.

ചെവിട്ടിൽ വേദനയുണ്ടായി ചെവികേളായ്ക, ചെവിയിൽനിന്നു ചലം വരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർ ആയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിനു 8 ണ; 1 ഔൺസിനു 14 ണ.

**SYRUP CARDUS.** പിത്തഹരൌഷധം.

ഉറക്കമില്ലായ്മ, തലതിരിച്ചൽ, പിത്തം ഛർദ്ദിക്കൽ, കൈകാൽതളൎച്ച, ശരീരം കഴയ്ക്ക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞുനീറൽ ഇവയെല്ലാം ഗുല്മഹിംസകന്റെ പീഡകളല്ലയോ? എന്നാൽ ഈ സിറപ കരൾ ഗുന്മൻ എന്നവയുടെ എല്ലാം കേടുകളെയും നിരാകരിച്ച ശരീരത്തിനു പുഷ്ടിയും ആരോഗ്യവും വൎദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിനു സംശയമില്ല. വില 8 ഔൺസിനു 3 ക. 8 ണ. ചെറിയ കുപ്പി 1 ക്കു 1 ക. 14 ണ.

**RINGWORM BALM.** ത്വക്രോഗത്തിനു.

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴുക്കടി, തഴുതണം, വരട്ടുചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1 നു 5 ണ; 1 ഡജനു 3 ക.

ചികിത്സ സംബന്ധമായ പുസ്തകം സൌജന്യമായി ആവശ്യക്കാൎക്കു അയച്ചുകൊടുക്കുന്നതാണ്. ഇതിനു പുറമെ ഹോമിയോപ്പതിയും ടിഷ്യൂമരുന്നുകളും ആവശ്യംപോലുണ്ടു.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹമ്പൻകട്ട,
മംഗലാപുരം.

Reg. No. C. 130.

# പഞ്ചാംഗം.

## ൧൧൧൧ ചിങ്ങം - കന്നി. സെപ്റ്റംബർ ൧൯൩൫.

| | | | | |
|---|---|---|---|---|
| ൧൬ | 1 | ഞാ | ✠ | വി. എജീദിയോസ്. |
| ൧൭ | 2 | തി. | വി. | ബ്രോക്കാർദ്ദ്. |
| ൧൮ | 3 | ചൊ. | വി. | സെറാപ്പിയാ. |
| ൧൯ | 4 | ബു. | വി. | മൂശാനിവ്യാ. |
| ൨൦ | 5 | വ്യാ. | വി. | ലോറൻസുയുസ്റ്റി. |
| ൨൧ | 6 | വെ. | വി. | സക്കറിയാ. |
| ൨൨ | 7 | ശ. | വി. | അദ്രിയാൻ പാ. |
| ൨൩ | 8 | ഞാ. | ✠ | എ. ഭാ. ക. മറി പിറവി. |
| ൨൪ | 9 | തി. | വി | പീററർ ക്ലാവർ. |
| ൨൫ | 10 | ചൊ. | വി. | നിക്കൊളാവോസ്. (കാണം) |
| ൨൬ | 11 | ബു. | വി. | എമിലിയൻ. |
| ൨൭ | 12 | വ്യാ. | വി. | സിൽവാന്തൂസ്. |
| ○ | 13 | വെ. | വി. | പീലിപ്പോസ്. |
| ൨൯ | 14 | ശ. | വി. | സ്ലീവാ പുകഴ്ച. |
| ൩൦ | 15 | ഞ. | ✠ | വി. നിക്കോമിദസ്. |
| ൩൧ | 16 | തി. | വി. | കൊർണ്ണലിയോപാ. |
| ൧ | 17 | ചൊ. | വി. | സാത്തരസ് |
| ൨ | 18 | ബു. | വി | യൌ. കപ്പന്തി (ഇ. വി) |
| ൩ | 19 | വ്യാ. | വി. | യനുവാരിസ് |
| ൪ | 20 | വെ. | വി | എവുസ്താക്കിയോസ്. |
| ൫ | 21 | ശ. | വി | മത്തായിശ്ലീഹാ. |
| ൬ | 22 | ഞാ. | ✠ | വി. തോമ്മാ. വില്ലനോ. |
| ൭ | 23 | തി. | വി. | ലീനോസ് പാപ്പാ. |
| ൮ | 24 | ചൊ. | വി. | പപ്നൂസിയസ്. |
| ൯ | 25 | ബു. | വി. | ജെരാർദ്ദ്. |
| ൧൦ | 26 | വ്യാ. | വി. | ചിപ്രിയാനോ. |
| ൧൧ | 27 | വെ | വി. | കോസ്മോദമയാൻ. |
| ● | 28 | ശ. | വി. | വെൻസെസ്ലാ. |
| ൧൩ | 29 | ഞാ. | ✠ | വി. മിഖായേൽ |
| ൧൪ | 30 | തി. | വി | ഈറോനീമോസ്. |

✠ എല്ലാവക്കും കടമുള്ള ദിവസം.

Printed at the Little Flower Press and published by Fr. Anastasius T. O. C. D
THEVARA, ERNAKULAM, S. INDIA.